# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുളളറ്റിൻ



വാല്യം 28 മെയ് 2026 ലക്കം 5 Price: 20

# BISHOP'S PROGRAMME

## MAY 2026

| | | |
|---|---|---|
| 1 | 09.00 | Kaithapoyil |
| | 16.30 | Muthappanpuzha |
| 2 | 07.30 | Koorottupara |
| | 10.00 | Thamarassery |
| | 11.00 | Valillapuzha |
| | 16.00 | Ponniyamkurissy |
| 3 | | Karuvarakundu |
| 4 | 11.30 | Pullanjimedu |
| | 17.00 | Puthuppadi |
| 5 | 10.00 | Thamarassery |
| | 11.30 | Kulathuvayal |
| 6 | 10.00 | Chevayoor |
| 7 | 09.30 | Kozhikode |
| | 11.00 | Vattoly |
| 8 | 06.30 | PMOC |
| | 11.00 | Office Day |
| | 18.00 | Venappara |
| 9 | 09.00 | Pandalloor |
| 11 | 06.30 | Thamarassery |
| | 10.00 | Office Day |
| 12 | 10.30 | Thiruvambady |
| | 16.00 | Kannoth |
| | 18.00 | Bethania |
| 13 | 07.00 | Vettilappara |
| 14 | 06.30 | Mariyapuram |
| | 09.00 | Malaparambu |
| | 16.00 | Vilangad |
| 15 | 13.00 | Kadalundy |
| 16 | 06.30 | Mukkom |
| | 09.30 | Pushpagiri |
| | 11.00 | Marikunnu |
| | 17.00 | Vettilappara |
| 17 | | Thalayad |
| 18 | | Office Day |
| 19 | 10.30 | Thamarassery |
| 20 | 06.30 | Moolepadam |
| 21 | 06.30 | Kariyathumpara |
| | 10.00 | Chappanthottam |
| 22 | 10.30 | Kunnamangalam |
| | 17.30 | Kallanode |
| | 18.00 | Bethania |
| 23 | 10.30 | Thamarassery |
| | 15.00 | Thamarassery |
| 24 | | Theyyappara |
| 25 | 16.00 | Cathedral |
| | 19.00 | Puthuppadi |
| 26 | 06.00 | Puthuppadi |
| | 10.00 | Nadavayal |
| 27 | 12.00 | Mananthavady |
| 28 | 10.00 | Paroppady |
| 29 | | Prayer Day |
| 30 | 10.00 | Bethania |
| | 15.00 | Thamarassery |

**May 2026**
**Volume: 28 - Issue 05**

**Chief Editor**
**Chancellor**
**Diocese of Thamarassery**
Thamarassery, Kozhikode - 673 573
Tel: 0495 - 2223376, 2963370
email: diocesetmy09@gmail.com
www.thamarassserydiocese.com

## ഉള്ളടക്കം

1. ആശംസകൾ 306
2. പ്രോഗ്രാം 307
3. സർക്കുലർ 308
4. കച്ചേരിക്കാര്യം 313
5. പാവനസ്മരണയ്ക്ക് 318
6. പ്രസ്ബിറ്ററൽ കൗൺസിൽ 319
7. റൂബി ജൂബിലി 326
8. വിശ്വാസപരിശീലനം 329
9. സെമിനാരി വാർത്തകൾ 331
10. ബൈബിൾ അപ്പസ്തോലേറ്റ് 332
11. സ്മാർട്ട് 333
12. ചെറുപുഷ്പ മിഷൻലീഗ് 334
13. കെസിവൈഎം-എസ്എംവൈഎം 335
14. ബഥാനിയ ധ്യാനകേന്ദ്രം 337
15. യൂദിത്ത് ഫോറം 339
16. കത്തോലിക്ക കോൺഗ്രസ് 340
17. ജീസസ് ഫ്രട്ടേണിറ്റി 342
18. കരുണാഭവൻ 342
19. കരിസ്മാറ്റിക് മൂവ്മെന്റ് 343
20. മാതൃവേദി 343
21. കുടുംബകൂട്ടായ്മ 345
22. എയ്ഡർ എഡ്യൂകെയർ 346
23. സ്റ്റാർട്ട് 348
24. ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് 351
25. ഇൻഫാം 352
26. വികസനവേദി 353
27. തീർഥയാത്രകൾ 360
28. യേശുനിധി 361
29. അജപാലനകുറിപ്പുകൾ 362





# Birthday Greetings

**Rev. Fathers**

| | | |
|---|---|---|
| Machukuzhiyil Augustine | May | 3 |
| Mundackal George | | 3 |
| Vadakkel Sebastian | | 4 |
| Chemparathickal George | | 4 |
| Koothur Jacob | | 12 |
| Valliamthadathil John | | 12 |
| Vilangupara Joseph | | 12 |
| Kuzhimattathil James | | 13 |
| Pulthakidiyel James | | 13 |
| Thayyil Kuriakose | | 17 |
| Kandathil Vincent | | 19 |
| Kochukaipayil Kuriakose | | 21 |
| Thandamparambil Joseph | | 25 |
| Kudiyirickal Thomas | | 31 |

# Feast Day Greetings

**Rev. Fathers**

| | | |
|---|---|---|
| Chakkummoottil Philip | May | 3 |
| Valliamthadathil John | | 16 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**മെയ് 2026**

| | | |
|---|---|---|
| 01 | വെള്ളി | തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ്<br>ബഥാനിയ: ഏകദിന കൺവെൻഷൻ |
| 02 | ശനി | **വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ** |
| 06 | ബുധൻ | വി. ഡൊമിനിക് സാവിയോ,<br>ചരമദിനം: ഫാ. മാത്യു മാവേലി (2024) |
| 07 | വ്യാഴം | പ്രീകാനാ കോഴ്സ് (7-9)<br>START: Workshop for Teenagers (7-9) |
| 08 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ<br>ചരമദിനം: ഫാ. മാത്യു പുള്ളോലിക്കൽ (2025) |
| 09 | ശനി | **വൈദികരുടെ പൊതുസ്ഥലമാറ്റം** |
| 10 | ഞായർ | ബഥാനിയ: യു.പി. സ്കൂൾ കുട്ടികളുടെ ധ്യാനം (10-13) |
| 13 | ബുധൻ | ചരമദിനം: ഫാ. ജോസഫ് മാമ്പുഴ (2007) |
| 14 | വ്യാഴം | **സ്വർഗ്ഗാരോഹണ തിരുനാൾ** (കടമുള്ള ദിവസം),<br>വി. മത്തിയാസ് ശ്ലീഹാ |
| 15 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 16 | ശനി | ചരമദിനം: ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ (2019) |
| 19 | ചൊവ്വ | ഫൊറോന വികാരിമാരുടെ മീറ്റിംഗ് |
| 22 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ,<br>ജീവിത വിശുദ്ധീകരണ ധ്യാനം (22-25) |
| 23 | ശനി | പാസ്റ്ററൽ കൗൺസിൽ |
| 24 | ഞായർ | **പന്തക്കുസ്താ തിരുനാൾ** |
| 25 | തിങ്കൾ | ചരമദിനം: ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (2003) |
| 26 | ചൊവ്വ | ചരമദിനം: ഫാ. ജോർജ് താമരശ്ശേരി (2008) |
| 29 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 30 | ശനി | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |
| 31 | ഞായർ | **പരി. ത്രിത്വത്തിന്റെ തിരുനാൾ**<br>മിഷൻലീഗ്: പ്രവർത്തനവർഷം - ഉദ്ഘാടനം |

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ മെയ്ദിന സന്ദേശം-2026

*No.4199/K-5/KCBC/OL/DS*

"ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?" (മർക്കോസ് 6:3)

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളിദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചു കിട്ടുന്നതിനായി തൊഴിലാളി സമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മെയ് ദിനവും. അതോടൊപ്പം തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയം നിറഞ്ഞ തൊഴിലാളി ദിനാശംസകൾ നേരുന്നു.

"കൃത്രിമ ബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിലിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇത് നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവനമാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വിശുദ്ധ വിളിയായിട്ടാണ് കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: "കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷിചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു" (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള ഒരു മാർഗം

മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യന് ലഭിച്ചിരിക്കുന്ന പങ്കാളിത്തം കൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയേയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് തൊഴിലാളിദിനം.

തൊഴിൽ കമ്പോളത്തിൽ നിന്നും പരമാവധി ലാഭം കൊയ്യാനുള്ള ത്വരയിൽ ഇന്ന് തൊഴിലാളികളും ലാഭം കൊയ്യാനുള്ള ചൂഷണോപാധിയായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. “ഏതൊരു ജോലി സാഹചര്യത്തിന്റെയും കേന്ദ്ര ബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച് വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ” (ലിയോ പതിനാലാമൻ പാപ്പ 2025 ഡിസംബർ 18 ന് തൊഴിലാളി പ്രവർത്തകർക്ക് നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിത തൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരിചരണം, ചെറുകിട കച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണായക സംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഡിപി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാൽ അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്കപ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരതയില്ലായ്മ, സാമൂഹ്യസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കരമാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും പദ്ധതികളും, സാമ്പത്തിക പിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്. സഹകരണ-സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടുത്തുകയും നൈപുണ്യ പരിശീലനം നേടുകയും സാമൂഹ്യ സുരക്ഷ പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ

പ്രധാന ഉത്തരവാദിത്വമാണ്. രാജ്യത്ത് നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ സംഘടിത മേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിത തൊഴിലാളി കളായി മാറ്റുന്നതും അസംഘടിത മേഖലയെ പരിഗണിക്കാത്തതു മാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും സാമൂഹിക സുരക്ഷയ്ക്കും ഊന്നൽ നല്കുന്ന അഞ്ചാം തൊഴിൽ നിയമം നിർമ്മിച്ച് പ്രാബല്യത്തിൽ കൊണ്ടുവരണ മെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു. വിശുദ്ധ യാക്കോബ് ശ്ലീഹ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: "നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരെ നിലവിളിക്കുന്നു" (യാക്കോബ് 5:4). ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിത തൊഴിലാളി കളുടെയും കുടിയേറ്റ തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കുവേണ്ടിയുള്ള നിലവിളികളു മാണ്.

സാങ്കേതിക പുരോഗതിയും കൃത്രിമ ബുദ്ധിയും തൊഴിൽ ലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റി സ്ഥാപിക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷികപ്രതിസന്ധി, തൊഴിൽ അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജനങ്ങൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബ വേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യവിഭവശേഷി യാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു. "നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശി കളായിരുന്നുവല്ലോ" (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി

സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായക പങ്കുണ്ട്. കെ സി ബി സി ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളിനേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളി ഫോറങ്ങൾ രുപീകരിച്ച് പ്രവർത്തിക്കുന്നു. നിർമ്മാണം, തയ്യൽ, ചെറുകിട കർഷകർ, മോട്ടോർ, കർഷക തൊഴിലാളി, മത്സ്യ തൊഴിലാളി, ഗാർഹീക തൊഴിലാളി, പീടിക തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജനപ്പെടുത്താൻ ഓരോ തൊഴിലാളിയേയും പ്രചോദിപ്പിക്കുക എല്ലാവരുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിൽ അവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങൾക്ക് പ്രത്യാശയും ശക്തിയും കെഎൽ. എം. പകർന്ന് നൽകുന്നു. കത്തോലിക്കാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്ക് നീതിയുക്തമായ വേതനവും സാമൂഹ്യസുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം. സിബിസിഐ ലേബർ ഓഫീസും കെസിബിസി ലേബർ കമ്മിഷനും ഇതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്. അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതന വ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിത ജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം

പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യ പുരോഗതിക്ക് മാത്രമല്ല, അത് സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവനമാർഗങ്ങളും പരിസ്ഥിതി സൗഹൃദ വികസന നയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതിക മാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടും പോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യപരിശീലനങ്ങൾ സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തി വരെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാ സമൂഹമായ നാം ദരിദ്രരുടെ പക്ഷത്ത് നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വ സമ്പദ്‌വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണാധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റ തൊഴിലാളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർഥ വികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പ് പിതാവ് നമ്മുക്കായി മാധ്യസ്ഥം പ്രാർഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി, ലേബർ കമ്മീഷൻ



# കച്ചേരിക്കാര്യം

## 1. Appointments

Rev. Fathers:

| | |
|---|---|
| Cheeramattathil Sebastian | Vicar, Muthukad |
| Chembukandathil Sebastian | Vicar, Koomully |
| Cherusseril Kurian | Director, KCYM |
| Cheruvelil Mathew | Vicar, Karikandanpara |
| Chundayil Joseph | Forane Vicar, Perinthalmanna |
| Ezhanikatt Vincent | Vicar, Thenjipalam |
| Iykolambil Kuriakose | Rector, Kulathuvayal |
| Kadukanmakkel Geo | Acting Vicar, Valook |
| Kalarickal Thomas | Ministry Abroad |
| Kanachikuzhiyil Jose | Vicar, Kalkundu |
| Kandassamkunnel Mathew | Vianney Priest Home |
| Kappalumakkal Jacob | Vicar, Chakkittapara |
| Karakunnel Jacob | Vicar, Kallanode |
| Karikunnel Antony | Vicar, Mukkom & Manager Alphonsa College,Thiruvmbady |
| Karintholil George | Director, CML (addl.) |
| Karukamalil George | Vicar, Poovaramthode |
| Kizhakkemudakkampuram OSFS | Asst. Vicar, Koodaranji |
| Kochukaipayil Kuriakose | Vicar, Chundathumpoil |
| Kochukaipayil Thomas | Vicar, Chamal |
| Kochumuriyil Thomas | Study leave |
| Kollamparambil Mathew | Ministry Abroad |
| Konukunnel John | Asst. Director, IFAE (addl.) |

| | |
|---|---|
| Kunnath Joseph | Vicar, Valillappuzha |
| Kuroor Emmanuel | Acting Vicar, Poilomchal |
| Kuzhivelil Dominic | Vicar, Narinada |
| Madassery John CST | Relieved from Kannoth |
| Mulangassery Mathew | Vicar, Anackampoil & Director, Renewal Movement, JY |
| Narivelil George | Director, CAMP & Dialysis Centre, Venappara |
| Neelamparambil Michael | Acting Vicar, Poozhithode |
| Oravumkara John | Forane Vicar, Kodenchery |
| Panthaladiyil Joseph | Higher Studies, Rome |
| Panthaplackal Joseph | Acting Vicar, Pathirikode |
| Parappallil Thomas OSFS | Asst. Vicar, Kannoth |
| Parathottathil Sebastian | Vicar,Thekkumkutty, Parathode |
| Pattaniyil Augustine | Vicar, Kunduthode |
| Perumpampallil Sebastian CMI | Relieved from Koorachund |
| Ponmalakkunnel Xavier MSFS | Relieved from Chakkittappara |
| Poothakuzhy Joseph | Medical Leave |
| Poothermannil Peter | Study leave |
| Poovannikunnel Jose CSsR | Relieved from Bethania |
| Pullattu Francis VC | Confessor, Bethania |
| Pulparambil Johns OFM Cap | Acting Vicar, Kondotty |
| Purathoottu Joseph | Asst. Vicar, Paropady |
| Puthanpurakkal Joseph | Vicar, Valliyad & Alphonsa School |
| Puthenveettil Kuriakose | Pastoral Ministry, Mandya |
| Srambickal Abraham | Asst. Director ALPHA, Asst.Vicar, Kunnamangalam |
| Thekkekaramattathil Mathew | Study leave |
| Thevadiyil Thomas | Vicar, Kattippara |
| Thittayil Jacob | Acting Vicar, Passukadavu |

| | |
|---|---|
| Vallikunnel James | Vicar, Manjuvayal |
| Varakil Antony | Vicar, Mailellampara |
| Varikkassery George | Vicar, Maramchatty |
| Veliyath Kurian | Asst. Director, Bethania |
| Vellaramkalayil George | Vicar, Oorakam & Alphonsa School, Oorakam |

## 2. വികാരിമാരുടെ സ്ഥലംമാറ്റ റിപ്പോർട്ട്

ബഹു. വൈദികരുടെ സ്ഥലമാറ്റം 2026 മെയ് 9 ശനിയാഴ്ചയാണ്. മെയ് 10 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

ബഹു. വികാരിമാരുടെ സ്ഥലംമാറ്റത്തോടനുബന്ധിച്ച് ഇടവകയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ മാതൃക നൽകുന്നതായിരിക്കും. സ്ഥലമാറ്റമുള്ള എല്ലാ ബഹു. വികാരിമാരും നൽകിയിരിക്കുന്ന മാതൃകയിൽ റിപ്പോർട്ടിന്റെ രണ്ട് കോപ്പി തയ്യാറാക്കുകയും അത് നടത്തുകൈക്കാരനെ ഏൽപ്പിച്ച് പോകേണ്ടതുമാണ്. ഇടവകയിൽ പുതുതായി ചാർജ്ജെടുക്കുന്ന ബഹു. വികാരിയച്ചൻ നടത്തുകൈക്കാരനിൽ നിന്ന് റിപ്പോർട്ടും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളും കൈപ്പറ്റിയതിനുശേഷം മുൻവികാരി തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരാഴ്ച യ്ക്കുള്ളിൽ റിപ്പോർട്ടിന്റെ ഒരു കോപ്പി രൂപതാകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി ഇടവകയുടെ ഫയലിൽ സൂക്ഷി ക്കേണ്ടതാണ്. സ്ഥാപന/സംഘടനകളുടെ രൂപത ഡയറക്ടർമാരും സ്ഥലമാറ്റ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

## 3. പാസ്റ്ററൽ കൗൺസിൽ

13-മത് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം 2026 മെയ് 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി രൂപത ഭവനിൽ നടക്കുന്നത്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. പന്തക്കുസ്താ തിരുനാൾ - മെയ് 24**

പന്തക്കുസ്താ തിരുനാൾ മെയ് 24-നാണ്. തിരുനാളിന് ഒരുക്കമായി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പരിശുദ്ധാത്മാവിന്റെ നൊവേന 9 ദിവസം ചൊല്ലി പരിശുദ്ധാരൂപിയുടെ അഭിഷേകത്തിനായി പ്രതിഷ്ഠിക്കുമല്ലോ.

**5. ദൈവാലയ ശുശ്രൂഷികളുടെയും അക്കൗണ്ടന്റിന്റെയും വേതന വർധനവ്**

ഏപ്രിൽ മാസം മുതലാണ് ദൈവാലയ ശുശ്രൂഷികളുടെയും അക്കൗണ്ടന്റിന്റെയും വേതനം വർധിക്കുന്നത്. പള്ളിയുടെ ഗ്രേഡ് അനുസരിച്ചായിരിക്കും വർധനവ് ഉണ്ടാകുന്നത്.

**6. റൂബി ജൂബിലി സമാപനം**

രൂപത സ്ഥാപിതമായതിന്റെ 40-ാം വാർഷികാഘോഷ (റൂബി ജൂബിലി) ചിലവിലേയ്ക്ക് ഓരോ ഇടവകയിൽ നിന്നും ഗ്രേഡനുസരിച്ച് വിഹിതം നൽകേണ്ടതാണ്. ഈ തുക രൂപതാകേന്ദ്രത്തിൽ എത്രയുംവേഗം ഏൽപ്പിക്കുമല്ലോ.

**A ഗ്രേഡ്-** Rs.20,000/-; **B ഗ്രേഡ്-** Rs.15,000/-; **C ഗ്രേഡ്-** Rs.10,000/-
**D ഗ്രേഡ്-** Rs.7,500/-; **E ഗ്രേഡ്-** Rs. 5,000/-

**7. നന്ദി**

രൂപതയിലെ അജപാലന ശുശ്രൂഷകൾക്കുശേഷം മാതൃഭവനത്തിലേക്ക് തിരികെ പോകുന്ന **ബഹു. പൂവന്നിക്കുന്നേൽ ജോസ് CSsR, മാടശ്ശേരി ജോൺ CST, പെരുമ്പാംപള്ളിൽ സെബാസ്റ്റ്യൻ CMI, പൊൻമലക്കുന്നേൽ സേവ്യർ MSFS** എന്നീ സന്യാസ വൈദികർക്ക് രൂപതാ കുടുംബത്തിന്റെ നന്ദിയും നറുമലരും.

**8. സ്വാഗതം**

രൂപതയിൽ അജപാലന ശുശ്രൂശഷകൾക്കായി പുതുതായി കടന്നുവരുന്ന **ബഹു. പുൽപ്പറമ്പിൽ ജോൺസൺ OFM Cap, പറപ്പള്ളിൽ തോമസ് OSFS**, **കിഴക്കേമുടക്കംപുറം ജോർജ് OSFS, പുല്ലാട്ട് ഫ്രാൻസിസ് VC** എന്നിവർക്ക് രൂപത കുടുംബത്തിലേക്ക് സ്വാഗതം.

**9. പുതിയ ഫോൺ നമ്പറുകൾ**

| | | |
|---|---|---|
| Fr. Jacob Kappalumakkal | - | +91 9292054077 |
| Fr. Kizhakkemudakkampuram OSFS | - | +91 6305739775 |
| Fr. Parappallil Thomas OSFS | - | +91 9446381104 |
| Fr. Pullattu Francis VC | - | +91 8921143354 |
| Fr. Pulparambil Johns OFM Cap | - | +91 9946927909 |

**10. സ്മരണാഞ്ജലി**

| | | |
|---|---|---|
| 5-05-2002 | - | റവ. ഫാ. ജോസഫ് മാടക്കച്ചേരി |
| 06-05-1991 | - | റവ. ഫാ. അബ്രാഹം കാവളക്കാട്ട് |
| **06-05-2024** | **-** | **റവ. ഫാ. മാത്യു മാവേലി** |
| **08-05-2025** | **-** | **റവ. ഫാ. മാത്യു പുള്ളോലിക്കൽ** |
| **12-05-2020** | **-** | **റവ. ഫാ. ജേക്കബ് പുത്തൻപുര** |
| **13-05-2007** | **-** | **റവ. ഫാ. ജോസഫ് മാമ്പുഴ** |
| 16-05-1984 | - | മോൺ. ജേക്കബ് പുത്തോട്ട് |
| **16-05-2019** | **-** | **റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ** |
| 22-05-1992 | - | മോൺ. തോമസ് പഴേപറമ്പിൽ |
| 24-05-1997 | - | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് |
| **25-05-2003** | **-** | **റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| **26-05-2008** | **-** | **റവ. ഫാ. ജോർജ് താമരശ്ശേരി** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. മാത്യു
മാവേലി
06.05.2024



റവ. ഫാ. മാത്യു
പുള്ളോലിക്കൽ
08.05.2025



റവ. ഫാ. ജേക്കബ്
പുത്തൻപുര
12.05.2020



റവ. ഫാ. ജോസഫ്
മാമ്പുഴ
13.05.2007



റവ. ഫാ. സെബാസ്റ്റ്യൻ
ഇളംതുരുത്തി
16.05.2019



റവ. ഫാ. ഫിലിപ്പ്
മുറിഞ്ഞകല്ലേൽ
25.05.2003



റവ. ഫാ. ജോർജ്ജ്
താമരശ്ശേരി
26.05.2008

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ 13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനം 2026 ഫെബ്രുവരി 24 ചൊവ്വാഴ്ച രൂപതാഭവനിൽ നടന്നു. രാവിലെ 10.30 ന് സ്മാർട്ട് ഡയറക്ടർ, ബഹു. ജോർജ് കരിന്തോളിയച്ചന്റെ നേതൃത്വത്തിലുള്ള പ്രാർഥനയോടെ യോഗം ആരംഭിച്ചു. 13-ാമത് വൈദികസമിതിയിൽ അംഗങ്ങളായ ഏവരെയും ഹൃദയപൂർവം സ്വാഗതം ചെയ്ത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ വൈദികസമിതിയിൽ അംഗങ്ങളായിരിക്കുന്ന എല്ലാ വ്യക്തികളുടെയും സജീവമായ പങ്കാളിത്തം രൂപതയിലെ അജപാലന സവിശേഷതകളെ മനസ്സിലാക്കുന്നതിനും വെല്ലുവിളികളെ അഭിമുഖികരിക്കുന്നതിനും അജപാലന സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായമാണെന്ന് സൂചിപ്പിച്ചു.

12-ാം വൈദികസമിതിയുടെ സമാപനയോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അവതരിപ്പിച്ചു. പ്രസ്ബിറ്ററൽ കൗൺസിൽ നിയമാവലിയിലെ നിർദേശാനുസരണം പുതിയ ചുമതലകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾക്ക് അഭിവന്ദ്യപിതാവ് നേതൃത്വം നൽകി. 13-ാം വൈദികസമിതിയുടെ സെക്രട്ടറിയായി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ടിനെ തിരഞ്ഞെടുത്ത യോഗം, രൂപത അജപാലന സമിതിയിലേക്കുള്ള വൈദികസമിതി അംഗങ്ങളായി ഫാ. കുര്യാക്കോസ് മുകാല, ഫാ. ജെയിംസ് വള്ളിക്കുന്നേൽ എന്നിവരെയും അജണ്ട കമ്മിറ്റി അംഗങ്ങളായി ഫാ. കുര്യൻ താന്നിക്കൽ, ഫാ. ജോസഫ് പാലക്കാട്ട് എന്നിവരെയും വൈദികക്ഷേമത്തിനുള്ള ബോർഡിലേക്ക് ഫാ. തോമസ് നാഗപറമ്പിലിനെയും ഫാ. റോയി തേക്കുംകാട്ടിലിനെയും തിരഞ്ഞെടുത്തു.

താമരശ്ശേരി രൂപതയുടെ 13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനം ഭദ്രദീപം തെളിച്ച് രൂപതാധ്യക്ഷൻ

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ആമുഖ പ്രഭാഷണത്തിൽ വൈദികസമിതിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ലളിതവും അർഥസംമ്പുഷ്ടമായും പങ്കുവെച്ച പിതാവ് പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ പ്രൊവിൻഷ്യൽസ് ഉൾപ്പെടെയുള്ള സന്യസ്തരുടെ സാന്നിധ്യം രൂപതയുടെ അജപാലന ക്രമീകരണത്തിനു പ്രയോജനപ്രദമാണെന്ന് വിലയിരുത്തി. എല്ലാ അംഗങ്ങളുടെയും സജീവ സാന്നിധ്യം പുതിയ വൈദികസമിതിയിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട അഭിവന്ദ്യപിതാവ് കൗൺസിൽ അംഗങ്ങളുടെ ക്രിയാത്മകമായ നിർദേശങ്ങൾ രൂപതയുടെ അജപാലന ശുശ്രൂഷ രൂപപ്പെടുത്താൻ എന്നും സഹായകമായിട്ടുണ്ടെന്ന് പ്രസ്താവിച്ചു. രൂപതാധ്യക്ഷനോട് ചേർന്ന് സാഹോദര്യം പങ്കുവെയ്ക്കുകയാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. കൂട്ടായ്മ ശക്തിപ്പെടുത്തിയും ഒരുമിച്ചുപ്രവർത്തിച്ചും സഭയെ വളർത്താൻ വൈദികസമിതിയംഗങ്ങൾ പ്രതിജ്ഞാബദ്ധമാണ്. നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ രൂപതസ്ഥാപന കാലഘട്ടത്തിൽ അഭിമുഖീകരിച്ച പ്രതിസന്ധികളിൽ നിന്നു വ്യത്യസ്തമാണ്. വർധിച്ചുവരുന്ന കുടിയേറ്റവും വയോധികരുടെ എണ്ണവും, നൂതനമായ അജപാലന സംവിധാനങ്ങളും ശുശ്രൂഷകളും രൂപപ്പെടുത്താൻ നമ്മോട് ഇന്ന് ആവശ്യപ്പെടുന്നുണ്ട്. കാർഷിക മേഖലയിൽ നേരിടുന്ന വെല്ലുവിളികളും യുവജനങ്ങൾ പൊതുമണ്ഡലങ്ങളിലേക്ക് വരാൻ താൽപര്യമില്ലായ്മ പ്രകടിപ്പിക്കുന്നതും ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ച പിതാവ് മേജർസെമിനാരി അധ്യാപകരായിട്ടുള്ള രൂപതാവൈദികരുടെ സജീവ സാന്നിധ്യം ഈ കൂട്ടായ്മയിലുള്ളത് അഭിനന്ദാർഹമാണെന്ന് അറിയിച്ചു.

13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഔപചാരികമായ ഉദ്ഘാടനത്തിനും അഭിവന്ദ്യപിതാവിന്റെ അനുഗ്രഹപ്രഭാഷണത്തിനുംശേഷം അജണ്ടയിൽ നിർദേശിച്ച വിഷയങ്ങളിലേക്ക് വൈദികസമിതി പ്രവേശിച്ചു.

*സമുദായ ശക്തീകരണവർഷം:* 2026-ൽ സീറോ മലബാർ സഭ ആചരിക്കുന്ന സമുദായ ശക്തീകരണ വർഷത്തിന്റെ രൂപതതലത്തിലുള്ള പ്രവർത്തനങ്ങളുടെ ക്രമീകരണം കൺവീനർ മോൺ. അബ്രാഹം വയലിൽ പങ്കുവെച്ചു. സമുദായ ശക്തീകരണത്തിനുള്ള രൂപതകമ്മി

റ്റിയുടെ സമാനമാതൃകയിൽ ഫൊറോന, ഇടവക തലങ്ങളിലും സമിതികൾ രൂപപ്പെടുത്താൻ ആരംഭിച്ചു. കൂടരഞ്ഞി, സെന്റ് സെബാസ്റ്റ്യൻസ് പള്ളിയങ്കണത്തിൽ സംഘടിപ്പിച്ച സമുദായ ശക്തീകരണവർഷത്തിന്റെ രൂപതതലത്തിലുള്ള ഉദ്ഘാടനം അവിസ്മരണീയമായിരുന്നുവെന്നു വിലയിരുത്തിയ വൈദികസമിതി സമുദായ ശക്തീകരണ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ആരംഭിക്കുന്നതോടൊപ്പം ഹെൽപ്പ് ഡെസ്ക്കുകൾ പുനരാംഭിക്കാനും നിർദേശിച്ചു.

*റൂബി ജൂബിലി സമാപന സമ്മേളനം:* താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 40-ാം വാർഷികാഘോഷത്തിന്റെ ആചരണം റൂബി ജൂബിലി കൺവീനർ ബഹു. ഫാ. ജോൺ ഒറവുങ്കരയും ബഹു. ഫാ. ജോസഫ് പാലക്കാട്ടും വൈദികസമിതിയിൽ അവതരിപ്പിച്ചു. വാർഷികാഘോഷം ഏപ്രിൽ 18 ന്, രൂപതയുടെ നവീകരണ കേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയായിൽ സംഘടിപ്പിക്കാമെന്ന് തീരുമാനിച്ച വൈദികസമിതി അന്നേദിനം കൃതജ്ഞതാബലിയെ തുടർന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിന്റെയും മലബാറിലെ വിവിധ റീത്തുകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും അനുഗ്രഹസാന്നിധ്യത്തിൽ നടത്താനും പാരിഷ് കൗൺസിൽ അംഗങ്ങൾ  വിവിധസംഘടനകളുടെ രൂപതാഭാരവാഹികൾ എന്നിവരെ  പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കാനും തീരുമാനിച്ചു. വാർഷികാഘോഷത്തിനു വിളംബരമായി 2026 ഏപ്രിൽ മാസത്തിൽ മാരത്തോൺ ഓട്ടമത്സരം സംഘടിപ്പിക്കുന്നത് നല്ലതാണെന്ന് വിലയിരുത്തിയ സമ്മേളനം അതിന്റെ ചുമതല താമരശ്ശേരി അൽഫോൻസ സ്കൂൾ പ്രിൻസിപ്പൾ ബഹു. ഫാ. കുര്യാക്കോസ് തയ്യിലിന് നൽകി. കല-സാഹിത്യ-സാംസ്കാരിക വേദികളിൽ മികവു പുലർത്തുന്ന ഏതാനും വ്യക്തികളെ രൂപതദിനത്തിൽ ആദരിക്കുന്ന പതിവ് ഈ വർഷം റൂബി ജൂബിലി സമാപനസമ്മേളനത്തിൽ നടത്താമെന്നു വൈദികസമിതി നിർദേശിച്ചു.

*കരുണാഭവൻ:* അഗതികൾക്കായി കോഴിക്കോട് നഗരത്തിലുള്ള രൂപതയുടെ കരുണാഭവൻ നിരാലംബരായ നിരവധി വ്യക്തികൾക്കു പ്രയോജനപ്രദമാകുംവിധം എപ്രകാരം വിപുലീകരിക്കാമെന്ന് ഡയറക്ടർ ബഹു. ഫാ. സൈമൺ കിഴക്കേക്കുന്നേൽ പ്രസ്ബിറ്ററൽ

കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചു. അഗതികളായ അനേകം വ്യക്തികൾക്ക് അതിവസിക്കാൻ ഉതകുന്ന പുതിയ ബ്ലോക്ക് നിർമിക്കുന്നത് ഉചിതമാണെന്ന് വിലയിരുത്തിയ വൈദികസമിതി അപ്രകാരം വിപുലീകരിക്കുന്നത് ജനോപകാരപ്രദമാകുമെന്നും കോഴിക്കോട് നഗരത്തിന് മഹത്തായ ക്രൈസ്തവസാക്ഷ്യമാകുമെന്നും അഭിപ്രായപ്പെട്ടു.

*ആൽഫ മരിയ അക്കാദമി:* കുന്ദമംഗലത്തുള്ള രൂപതയുടെ ആൽഫ മരിയ അക്കാദമിയുടെ പ്രവർത്തനങ്ങൾ ഡയറക്ടർ ബഹു. ഫാ. ജോസഫ് പുളിച്ചമാക്കൽ വൈദികസമിതിയുടെ മുമ്പാകെ അവതരിപ്പിച്ചു. ഹോസ്റ്റൽ സൗകര്യം ഇനിയും ആവശ്യമായതിനാൽ അതിന്റെ വിപുലീകരണം എങ്ങനെ സാധ്യമാക്കാമെന്ന് കൂടിയാലോചിച്ച സമ്മേളനം ഇപ്പോൾ നിലനിൽക്കുന്ന പുതിയ കെട്ടിടത്തോട് ചേർന്ന് പുതിയ ബ്ലോക്ക് നിർമിക്കാൻ തീരുമാനിക്കുകയും അതിന്റെ നിർമാണ ചുമതല ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കനെ ഏൽപിക്കുകയും ചെയ്തു.

*അസീസ്സിയിലെ വി. ഫ്രാൻസിസിന്റെ ജൂബിലിവർഷം:* വി. ഫ്രാൻസിസ് അസീസ്സിയുടെ സ്വർഗപ്രാപ്തിയുടെ 800-ാം വർഷത്തോടനുബന്ധിച്ചുള്ള ജൂബിലിവർഷാചരണം താമരശ്ശേരി രൂപതയിൽ നടപ്പിലാക്കേണ്ടത് എപ്രകാരമെന്ന് പ്രസ്ബിറ്ററൽ കൗൺസിൽ ചർച്ചചെയ്തു. പേരാമ്പ്ര, സെന്റ് ഫ്രാൻസിസ് അസീസ്സി ഇടവകയെ താത്കാലിക തീർഥാടന ദൈവാലയമായി ഉയർത്താമെന്ന് തീരുമാനിച്ച സമിതി, ഇടവകകളും കുടുംബക്കൂട്ടായ്മകളും സംഘടനകളും വഴി ദൈവജനത്തെ കൃപയുടെ ഈ പാതയിൽ പങ്കുചേരാൻ കഴിവതും പ്രോത്സാഹിപ്പിക്കണമെന്നും തീരുമാനിച്ചു. ആഗോളസഭയുടെ നിർദേശമനുസരിച്ച് 2027 ജനുവരി 10-ന് സമാപിക്കുന്ന ജൂബിലിവത്സരത്തിൽ തീർഥാടനത്തോടൊപ്പം ദണ്ഡവിമോചനസാധ്യതകളും പ്രയോജനപ്പെടുത്തി എല്ലാ കുടുംബങ്ങളും വ്യക്തികളും വിശുദ്ധീകരിക്കപ്പെടണമെന്നും യോഗം ആവശ്യപ്പെട്ടു.

*രൂപതയുടെ നവീകരിച്ച ഭൂപടം:* താമരശ്ശേരി രൂപതയുടെ നവീകരിച്ച ഭൂപടം ബഹു. ഫാ. ജോർജ് കുമ്പുക്കൽ വൈദികസമിതിയിൽ പരിചയപ്പെടുത്തി. 5983 ച.കിലോമീറ്റർ ഉൾപ്പെടുന്ന രൂപതയുടെ

ഭൂപ്രദേശം മനോഹരമായ രീതിയിൽ ഭുപടത്തിൽ ഒരുക്കിയ ജോർജ് അച്ചനെ അഭിനന്ദിച്ച യോഗം ഇടവകകളോടൊപ്പം രൂപതയിലെ എല്ലാ സ്ഥാപനങ്ങളെയും ഭൂപടത്തിൽ അടയാളപ്പെടുത്തണമെന്ന് നിർദേശിക്കുകയും റൂബിജൂബിലി സമാപന സമ്മേളനത്തിൽ നവീകരിച്ച ഭൂപടം പ്രസിദ്ധീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

*ഭക്തവസ്തുക്കളുടെ വിതരണകേന്ദ്രം:* താമരശ്ശേരി രൂപതഭവനോട് ചേർന്നുള്ള സെന്റ് അൽഫോൻസ ഷോപ്പിംഗ് കോംപ്ലക്സിൽ ഭക്ത വസ്തുകളുടെ വിതരണകേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് പ്രസ്ബിറ്ററൽ കൗൺസിൽ ആലോചിച്ചു. രൂപതഭവനിലും അജപാലനകേന്ദ്രത്തിലും വിവിധകാര്യങ്ങൾക്കായി എത്തിച്ചേരുന്നവർക്ക് ഇത് പ്രയോജനപ്പെടുമെന്നു നിരീക്ഷിച്ച സമ്മേളനം പ്രീസ്റ്റ് പ്രൊവിൻഡന്റ് സമിതിയുടെ നേതൃത്വത്തിൽ ഈ സംരംഭം ആരംഭിക്കാൻ തീരുമാനിച്ചു.

*സെന്റ് ജോർജ് പ്രെയർഹോം:* കക്കാടംപൊയിലിൽ വൈദികർക്കായി രൂപപ്പെടുത്തുന്ന പ്രാർഥനാഭവന്റെ നിർമാണത്തെപ്പറ്റി പ്രിസ്റ്റ് പ്രൊവിഡന്റ് സമിതി സെക്രട്ടറി ബഹു. ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് സമ്മേളനത്തിൽ വിശദീകരിച്ചു. എല്ലാ വൈദികരുടെയും സഹകരണത്തോടെ നിർമാണം പുരോഗമിക്കുന്ന പ്രാർഥനാഭവന് എത്രയും വേഗം ഗഡുക്കളായോ അല്ലാതെയോ എല്ലാവരും തങ്ങളുടെ ഓഹരി നല്കണമെന്ന് യോഗം നിർദേശിച്ചു.

*മദ്ബഹ ശുശ്രൂഷ സംഘം:* അൾത്താര ശുശ്രൂഷകരുടെ സംഘടനയായ സ്മാർട്ടിന്റെ പ്രവർത്തനങ്ങളെ ഡയറക്ടർ ബഹു. ഫാ. ജോർജ് കരിന്തോളിൽ വൈദികസമിതിയുടെ മുമ്പാകെ അവതരിപ്പിച്ചു. സംഘടന സംവിധാനം ശക്തമാക്കാനും ദൈവവിളി പ്രോത്സാഹിപ്പിക്കാനുമുള്ള പരിശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കുട്ടികളെ അൾത്താരയോട് ചേർത്ത് വളർത്തുന്നതിനും വിശുദ്ധവും ആരാധനക്രമാധിഷ്ഠിതവുമായ ജീവിതം നയിക്കുന്നതിനും സ്മാർട്ട് വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നു. അൾത്താര ശുശ്രൂഷകർക്ക് ഏകീകൃതമായ തിരുവസ്ത്രത്തെപ്പറ്റിയുള്ള ചർച്ചകൾ നടന്ന യോഗത്തിൽ വിവിധ തരത്തിലുള്ള തിരുവസ്ത്രങ്ങൾ ജോർജ് അച്ചൻ

പരിചയപ്പെടുത്തി. മദ്ബഹ ശുശ്രൂഷയ്ക്ക് പുതുതായി തിരുവസ്ത്രം ഒരുക്കാൻ ഉദ്ദേശിക്കുന്ന ഇടവകകളും സ്ഥാപനങ്ങളും രൂപതതലത്തിൽ നിർദേശിക്കുന്നവയായിരിക്കണം ഇനിമുതൽ ഉപയോഗിക്കേണ്ടതെന്ന് സമ്മേളനം ആവശ്യപ്പെട്ടു. അപ്രകാരം ക്രമാനുഗതമായി, ഏകീകൃത തിരുവസ്ത്രം അൾത്താരശുശ്രൂഷകർക്ക് ലഭ്യമാകുമെന്നു വിലയിരുത്തിയ പ്രസ്ബിറ്ററൽ കൗൺസിൽ ആഘോഷമായ വി. കുർബാനയിലെ പഴയനിയമ, ലേഖന പ്രഘോഷണവായനകൾ വായിക്കാൻ, മുതിർന്നവർക്കും ആനുപാതികമായ അവസരം നല്കണമെന്ന് നിർദേശിച്ചു.

*എ.കെ.സി.സി:* അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ കണ്ണൂരിൽ നടക്കുന്ന മഹാസമ്മേളനത്തിന്റെ വിശദവിവരങ്ങൾ എ.കെ.സി.സി രൂപത ഡയറക്ടർ ബഹു. ഫാ. മാത്യു തൂമുള്ളിൽ യോഗത്തിൽ പങ്കു വെച്ചു. സാധിക്കുന്നിടത്തോളം വ്യക്തികളെ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട വൈദികസമിതി എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് ആരംഭിച്ചു ശക്തിപ്പെടുത്തി, സമ്പൂർണ കത്തോലിക്ക കോൺഗ്രസ് രൂപതയാകാനുള്ള സംഘടനയുടെ പരിശ്രമങ്ങൾക്ക് സർവ്വപിന്തുണയും നല്കാൻ തീരുമാനിച്ചു.

*വിലങ്ങാട് പുനരധിവാസം:* വിജയകരമായി നടന്നുകൊണ്ടിരിക്കുന്ന വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൺവീനർ മോൺ. അബ്രാഹം വയലിൽ വൈദികസമിതിയെ അറിയിച്ചു. അറുപതാമത്തെ വീടിന്റെ പണി ഇതിനോടകം പൂർത്തിയായി. വിലങ്ങാട് ഫൊറോനയോടൊപ്പം പുനരിധവാസ പ്രവൃത്തികൾ ഏകോപിപ്പിക്കുന്ന രൂപത സാമൂഹിക പ്രേഷിതവിഭാഗത്തിന്റെ (സി.ഒ.ഡി) നേതൃത്വത്തെ അഭിനന്ദിച്ച സമ്മേളനം വിലങ്ങാട്-മഞ്ഞക്കുന്നിൽ മെയ് മാസത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന വിലങ്ങാട് പുനരധിവാസപദ്ധതികളുടെ സമാപനസമ്മേളനം ഭംഗിയായി നടത്താനും നിർദേശിച്ചു.

*ശൂന്യവേള:* (1) താമരശ്ശേരി രൂപതയുടെ ഒൻപതാമത് കുളത്തുവയൽ തീർഥാടനത്തെപ്പറ്റിയുള്ള ചർച്ചയിൽ എല്ലാവരുടെയും പൂർണമായ സഹകരണം പ്രസ്തുത തീർഥാടനം ദൈവാനുഗ്രഹപ്രദമായി

നടത്താൻ ഉണ്ടാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു (2) ഇൻഷൂറൻസിന്റെ പോസ്റ്റോഫീസ് സ്കീം വൈദികർക്കായി പരിഗണിക്കേണ്ടതിനെക്കുറിച്ചുള്ള ആലോചനയിൽ, ഈ വിഷയം പഠിക്കാൻ ഫാ. ആന്റണി കാരികുന്നേൽ, ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവരെ ചുമതലപ്പെടുത്തി (3) പള്ളിതിരുനാളിനോട് അനുബന്ധിച്ച് ദൈവാലയ മുൻഭാഗത്ത് സംഘടിപ്പിക്കുന്ന ലൈറ്റ് & സൗണ്ട് ഷോകളെ അടിസ്ഥാനമാക്കിയുള്ള ചർച്ചയിൽ, അവ ക്രൈസ്തവ മൂല്യങ്ങൾക്കും വിശ്വാസപരിശീലനത്തിനും ഉതകുന്നതായിരിക്കണമെന്നു പ്രസ്ബിറ്ററൽ കൗൺസിൽ നിർദേശിച്ചു (4) വിവാഹവസ്ത്രങ്ങളുമായി ബന്ധപ്പെട്ട് ലാളിത്യം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ആലോചനയിൽ ഇതിനോടകം ഈ വിഷയത്തിൽ രൂപതയിൽനിന്നു നല്കിയ നിർദേശങ്ങൾ സംക്ഷിപ്തമായി ഒരിക്കൽകൂടി അഭിവന്ദ്യപിതാവിന്റെ സർക്കുലറായി നല്കുന്നത് ഉചിതമാണെന്നു വൈദികസമിതി അഭിപ്രായപ്പെട്ടു (5) പ്രോ-ലൈഫിന്റെ കുഞ്ഞിനൊരു കൈതാങ്ങ് പദ്ധതിയെ വിലയിരുത്തിയ സമ്മേളനം, ഈ നവ ഉദ്യമം കുടുംബങ്ങൾക്കുള്ള പാരിതോഷികത്തേക്കാൾ ജീവന്റെ സുവിശേഷപ്രഘോഷണമാണെന്നു നിരീക്ഷിച്ചു (6) സംഘടനകളുടെ പ്രോഗ്രാമുകളുടെ ചിത്രങ്ങളും വീഡിയോകളും വാർത്തകളും സാക്ഷ്യത്തിന്റെ അടയാളമാകുവാൻ, പൊതുസമൂഹത്തിൽ സോഷ്യൽ മീഡിയായിലൂടെ പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചുള്ള ചർച്ചയിൽ പ്രസ്തുത ഉത്തരവാദിത്വം രൂപത മീഡിയകമ്മീഷനെ ഏൽപിക്കാൻ യോഗം തീരുമാനിച്ചു.

താമരശ്ശേരി രൂപതയുടെ 13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഉദ്ഘാടനസമ്മേളനത്തിന് ഔപചാരികമായ നന്ദി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അർപ്പിക്കുകയും പ്രാർഥനയോടെ യോഗം സമാപിക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# റൂബി ജൂബിലി

## സമാപനസമ്മേളനം-റിപ്പോർട്ട്

40 വർഷത്തെ കൂട്ടായ്മയ്ക്കും വിശ്വാസവളർച്ചയ്ക്കും നന്ദിയർപ്പിച്ച് താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രാർഥനാനിർഭരമായും പ്രൗഢഗംഭീരമായും സമാപിച്ചു. പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്ന സമാപന സമ്മേളനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു.

തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി, കോഴിക്കോട് ആർച്ച് ബിഷപ് റവ. ഡോ. വർഗീസ് ചക്കാലക്കൽ, മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം, ബത്തേരി ബിഷപ് ജോസഫ് മാർ തോമസ്, കണ്ണൂർ ബിഷപ് റവ. ഡോ. അലക്സ് വടക്കുംതല, മാനന്തവാടി സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം, കണ്ണൂർ സഹായ മെത്രാൻ ഡോ. ഡെന്നീസ് കുറുപ്പശ്ശേരി, കല്യാൺ ബിഷപ് എമരിറ്റസ് മാർ തോമസ് ഇലവനാൽ എന്നിവർ സമാപനസമ്മേളനത്തിൽ പങ്കുചേർന്നു.

മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ച കൃതജ്ഞതാബലിയ്ക്ക് മറ്റു പിതാക്കന്മാരും താമരശ്ശേരി രൂപതയിലെ വൈദികഗണവും സഹകാർമികരായി. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. വചനസന്ദേശത്തിൽ, താമരശ്ശേരി രൂപതയുടെ ഏറ്റവും വലിയ ശക്തി അജപാലകരും വിശ്വാസികളും തമ്മിലുള്ള ഐക്യവും കൂട്ടായ്മയുമാണെന്ന് അനുസ്മരിച്ച കോഴിക്കോട് ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ ഈ കൂട്ടായ്മയും വിശ്വാസതീക്ഷ്ണതയും വരുംകാലങ്ങളിലും കൂടുതൽ ശോഭയോടെ നിലനിൽക്കട്ടെയെന്ന് പ്രാർഥിച്ചു. സമാപനസമ്മേളനത്തിന് മുന്നോടിയായി രൂപതയുടെ ചരിത്രം വിശദീകരിക്കുന്ന വീഡിയോ അവതരണം മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തി.

തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ച സമാപനസമ്മേളനം കൃതജ്ഞതാബലിയ്ക്ക് ശേഷം ആരം ഭിച്ചു. ഒരു നൂറ്റാണ്ട് പിന്നിട്ട കുടിയേറ്റ ജനതയുടെ സഹനത്തിന്റെ യും വേദനയുടെയും സമൃദ്ധിയുടെയും കഥ പങ്കുവയ്ക്കുമ്പോൾ അഭിമാനവും സന്തോഷവും തോന്നുന്നു. ദൈവം നൽകിയ അനുഗ്ര ഹങ്ങൾക്കും കൃപകൾക്കും നന്ദി പറയുകയാണ്. മൂന്നു വർഷം നീണ്ടു നിന്ന കൃതജ്ഞതയുടെ ദിനങ്ങളോടെയാണ് റൂബി ജൂബിലി നാം ആഘോഷിച്ചതെന്ന് സ്വാഗതപ്രസംഗത്തിൽ രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിമാനപൂർവം പ്രസ്താവിച്ചു. ആഢ്യത്തമുള്ള ദൈവജനവും വൈദികരുടെ കൂട്ടായ്മയും സമർഥ രായ പിതാക്കന്മാരുടെ നേതൃത്വവുമാണ് കുറഞ്ഞ കാലംകൊണ്ട അത്ഭുതാവഹമായ നേട്ടങ്ങളുണ്ടാക്കാൻ രൂപതയെ സഹായിച്ചതെന്ന് അനുസ്മരിക്കുകയും ഏവരെയും ചേർത്തുനിർത്താനും കേരളത്തി ന്റെ പൊതുബോധത്തിന് ദിശാബോധം നൽകാനും രൂപതയ്ക്ക് സാധിച്ചുയെന്ന് മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമാപ നസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസ്താവിച്ചു. വില ങ്ങാട് ഉരുൾപൊട്ടലിനെത്തുടർന്ന് സർക്കാരോ മറ്റ് ഏജൻസികളോ ചെയ്തതിനേക്കാൾ മികച്ച പുനരധിവാസ പ്രവർത്തനങ്ങളാണ് താമരശ്ശേരി രൂപത നടത്തിയത്. കൂട്ടായ്മയുടെ ഉരുക്കുകോട്ടയാണ് താമരശ്ശേരി രൂപത-മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. ആത്മീയതയുടെയും സ്നേഹത്തിന്റെയും സൗന്ദര്യം രൂപതയുടെ അജപാലനപ്രവർത്തനങ്ങളിൽ എന്നും ദർശിക്കാൻ സാ ധിക്കുമെന്ന് അധ്യക്ഷപ്രസംഗത്തിൽ ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി സൂചിപ്പിച്ചു.

സപ്തതി ആഘോഷിക്കുന്ന മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിലിനെയും, കോഴിക്കോട് അതിരൂപതയുടെ ആർച്ച് ബിഷപ്പായി നിയമിതനായ ഡോ. വർഗീസ് ചക്കാലക്കലിനെയും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പൊന്നാടയണിയിച്ച് ആദരിച്ചു. രൂപതാ ഗായകസംഘം റൂബി ജൂബിലി ആന്തം ആലപിച്ചു. സമ്മേള നത്തിൽ കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, എം.എസ്.എം.ഐ സുപ്പീരിയർ ജനറൽ സിസ്റ്റർ എൽസി വടക്കേമുറി, പാസ്റ്ററൽ

കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.

മലബാർ കുടിയേറ്റ ജനതയുടെ സഹനങ്ങളുടെയും അതിജീവനത്തിന്റെയും ചരിത്രം വരുംതലമുറയ്ക്കായി സംരക്ഷിക്കുന്നതിനായുള്ള കുടിയേറ്റ ചരിത്ര മ്യൂസിയവും കൺവെൻഷൻ സെന്ററും പദ്ധതി കോഴിക്കോട് ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അവതരിപ്പിച്ചു. ചടങ്ങിൽ താമരശ്ശേരി രൂപതയുടെ പുതിയ ഭൂപടം മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടം പ്രകാശനം ചെയ്തു.

ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ രൂപതയുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള 'രൂപതാ ഡിജിറ്റലൈസേഷൻ' പ്രഖ്യാപനം കണ്ണൂർ ബിഷപ്പ് റവ. ഡോ. അലക്സ് വടക്കുംതല നിർവഹിച്ചു. രൂപതയുടെ ആശയ വിനിമയ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടു വരുന്ന വിഷ്വൽ മീഡിയ ലോഞ്ചിങ് കണ്ണൂർ രൂപത സഹായമെത്രാൻ റവ. ഡോ. ഡെന്നീസ് കുറുപ്പശ്ശേരി നിർവഹിച്ചു. രൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനൽ ഹാലോ ടിവി, മലബാർ വിഷൻ യുട്യൂബ് ചാനൽ എന്നിവയ്ക്കും തുടക്കമായി. രൂപത ഡയറക്ടറിയുടെ പ്രകാശനം മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലമാണ് നിർവഹിച്ചത്.

സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്നവരോടുള്ള സഭയുടെ കരുതലിന്റെ പ്രതീകമായ 'കരുണാഭവൻ' പുതിയ ബ്ലോക്ക് പ്രൊജക്ടിന്റെ ഉദ്ഘാടനം കല്യാൺ രൂപത ബിഷപ്പ് എമിരറ്റസ് മാർ തോമസ് ഇലവനാൽ നിർവഹിച്ചു. വിവിധ ഇടവകകളിൽ നിന്നായി നിരവധി പ്രതിനിധികൾ പങ്കെടുത്ത പൊതുസമ്മേളനം ദൈവാനുഗ്രഹപ്രദമായി. റൂബി ജൂബിലി സമാപനം ഭംഗിയായി നടത്താൻ നേതൃത്വം നൽകിയ അഭിവന്ദ്യപിതാവിനും വികാരി ജനറാളിനും കൂരിയാംഗങ്ങൾക്കും സമാപനസമ്മേളനം കൺവീനർ ഫാ. ജോസഫ് പാലക്കാട്ടിനും ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ കാവിലിനും കമ്മിറ്റിയംഗങ്ങൾക്കും മറ്റെല്ലാവർക്കും നന്ദി.

**ഫാ. ജോൺ ഒറവുങ്കര**
ജനറൽ കൺവീനർ, റൂബി ജൂബിലി

# വിശ്വാസപരിശീലനം

### വിശ്വാസോത്സവം 2026

ഏപ്രിൽ 6, 7, 8 തിയതികളിൽ വി. ബൈബിൾ പ്രധാന വിഷയമാക്കി 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ഇടവകകളിൽ വിശ്വാസോത്സവം നടന്നു. പഠനവും, കളികളും, പാട്ടുകളും, എല്ലാം കോർത്തിണക്കി കുട്ടികൾക്ക് അനുഗ്രഹപ്രദവും, രസകരവുമായ രീതിയിൽ വിശ്വാസോത്സവം ക്രമീകരിക്കപ്പെട്ടു. എല്ലാ ഇടവകകളും തന്നെ വിശ്വാസോത്സവ വീഡിയോസ് തയാറാക്കി.

### പരീക്ഷകൾ

**വാർഷിക പരീക്ഷ** : ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ എല്ലാ ഇടവകകളിലും നടന്നു.

**ACC പരീക്ഷ :** 13, 14, 15 ക്ലാസ്സുകളുടെ Online Exam ഏപ്രിൽ 10, 11, 12 തീയതികളിൽ വൈകുന്നേരം 8.45 മുതൽ 8.55 വരെ നടന്നു.

**സ്കോളർഷിപ്പ് പരീക്ഷ:** 4 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള ഏപ്രിൽ 19 ഞായറാഴ്ച 11 മുതൽ 1 മണി വരെ മേഖലാ കേന്ദ്രങ്ങളിൽ നടന്നു. ഇടവകകളിൽ നിന്ന് 1, 2 റാങ്കുകൾ നേടിയ കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷക്കായി തിരഞ്ഞെടുക്കപ്പെട്ടത്.

**രൂപത സ്കോളർഷിപ്പ്:** മേഖലകളിൽ നടന്ന സ്കോളർഷിപ്പ് പരീക്ഷയിൽ 4, 7, 10 ക്ലാസ്സിലെ കുട്ടികളിൽ ഉയർന്ന മാർക്ക് നേടുന്ന കുട്ടികൾക്ക് രൂപത സ്കോളർഷിപ്പ് നൽകുന്നു.

### ACC 13, 14, 15 റാങ്ക് നേടിയവർ

| | | | |
|---|---|---|---|
| ACC 13: | First Rank | - Ardra Anna Saji | - Kannoth |
| | Second Rank | - Maria Jennifer Jimmy | - Mankavu |
| | Third Rank | - Ann Mariya Shiju | - Pullurampara |

| | | | |
|---|---|---|---|
| ACC 14: | First Rank | - Aneena Jaison | - Chevayur |
| | Second Rank | - Mathew E M | - Oorakam |
| | Third Rank | - Neha Sijoy Ullattil | - Pullurampara |
| ACC 15: | First Rank | - Rose Mary Antony | - Kuroottupara |
| | Second Rank | - Anciya Rose Saji | - Malaparambu |
| | Third Rank | - Amy Bijoy | - Kuppayakode |

### രൂപതാ പ്രതിഭാസംഗമം - STD VII

2026 ഏപ്രിൽ 25, 26 (ശനി, ഞായർ) തീയതികളിൽ 7-ാം ക്ലാസ്സ് കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം പിഎംഒസിയിൽ നടന്നു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു. 11 മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളാണ് സംഗമത്തിൽ പങ്കെടുത്തത്.

### Media Catechesis

ഇടവകതല വിശ്വാസോത്സവ പഠനശിബിരത്തിന്റെ വീഡിയോകൾ കാറ്റക്കിസം ചാനലിലൂടെ സംപ്രേക്ഷണം ചെയ്തു.

### MAY 2026

| | |
|---|---|
| 09.05.26 ശനി | രൂപതാ മതബോധന കമ്മറ്റി (ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം) |
| 24.05.26 ഞായർ | പന്തക്കുസ്താ തിരുനാൾ |
| 30.05.26 ശനി | എമ്മാവൂസ് മീറ്റ് |
| 31.05.26 ഞായർ | പുതിയ വിശ്വാസപരിശീലനവർഷം : അധ്യാപക ഒരുക്ക ദിനം (മതാധ്യാപകർക്കായി ഇടവകതല ആരാധന, മതാധ്യാപകരെ ആശീർവദിക്കുന്നു. സ്റ്റാഫ് മീറ്റിംഗ്) |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്

പൗരോഹിത്യ ദൈവവിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 6, 7, 8 തീയതികളിൽ പിഎംഒസിയിൽ നടത്തി. ക്യാമ്പിന് വൈദികരും വൈദിക വിദ്യാർഥികളും നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്ന് 93 വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

## ഒന്നാം വർഷ വിദ്യാർഥികൾക്ക് ഇന്റർവ്യൂ

താമരശ്ശേരി മൈനർ സെമിനാരിയിലേക്ക് ഈ വർഷം കടന്നു വരാൻ ആഗ്രഹിക്കുന്ന കുട്ടികളും മാതാപിതാക്കളുമായി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കൂടിക്കാഴ്ച നടത്തി.

## പുതിയ റീജന്റ്

തത്വശാസ്ത്ര പഠനത്തിന് ശേഷം പ്രായോഗിക പരിശീലനമായ റീജൻസി ചെയ്യുവാനായി ബ്രദർ ആൽവിൻ എമ്പ്രയിൽ മൈനർ സെമിനാരിയിൽ എത്തിച്ചേർന്നു.

*താമരശ്ശേരി രൂപതയ്ക്കുവേണ്ടി മാർച്ച് ഇരുപത്തിയാറാം തീയതി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചവർ.*

### മ്ശംമ്ശാന

1. Dn. Emmanuel (Sibin) Kandachalil - (Poilomchal)
2. Dn. Mathew (Vipin) Kollerithazhathu - (Koodaranji)
3. Dn. Philips Thoonattu - (Koorachundu)
4. Dn. Antony (Alen) Poovatholil - (Panamplave)

### ഹെവുപ്പദ് യാക്ക്ന

1. Bro. Thomas (Tomilin) Kadakelil - (Rippon-Mananthavady)
2. Bro. (Joseph) Allen Thengumpalil - (Chakkittapara)

3. Bro. Joseph (Jerin) Kiliyambrayil - (Kunduthode)

**കാറോയ**

1. Bro. John Plamparambil - (Malaparambu)
2. Bro. Joseph (Akhil) Maniyambryil - (Konoorkandy)
3. Bro. Thomas Elavanal - (Paroppady)

താമരശ്ശേരി രൂപതാംഗമായ വർഗീസ് (ക്രിസ്റ്റി) ജോർജ് പുരിയോട് (പയ്യനാട്) സത്നാ മേജർ സെമിനാരിയിൽ നിന്നും 2025 ഡിസംബർ 8ന് സത്നാ രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കൊടകലിൽ പിതാവിൽ നിന്നും കാറോയാ സ്വീകരിച്ചു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

## ബൈബിൾ അപ്പസ്തോലേറ്റ്

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 നോട് അനുബന്ധിച്ച് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 322 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ദൈവവചന പോസ്റ്റർ പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. നാല് മാസംകൊണ്ട് വിശുദ്ധഗ്രന്ഥത്തിലെ 14 പുസ്തകങ്ങളുടെ വായന പൂർത്തിയായി.

വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിൽ ദൈവവചന പോസ്റ്റർ, എല്ലാ ദിവസവും രൂപതാ വൈദിക വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

മദ്ബഹശുശ്രൂഷ സംഘം മിഷൻ ലീഗുമായി സഹകരിച്ച് ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായി ബഥാനിയായിൽ ഏപ്രിൽ 13, 14 ,15 തീയതികളിൽ ധ്യാനം സംഘടിപ്പിച്ചു. പുതിയതായി അൾത്താരയിൽ ശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഫാ. ജോർജ് കരിന്തോളിൽ വിശുദ്ധ ബലിയർപ്പിച്ച് മദ്ബഹയിൽ ശുശ്രൂഷ ചെയ്യുന്നതിന്റെ പ്രാധാന്യത്തെപറ്റി ക്ലാസ്സ് നൽകി.

വിവിധ മേഖലകളിൽ സ്മാർട്ട് ഫുട്ബോൾ മത്സരങ്ങൾ ഇപ്പോൾ നടക്കുന്നു.

## വൊക്കേഷൻ ബ്യൂറോ

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് പിഎംഒസിയിൽ ഏപ്രിൽ 6 ,7, 8 തീയതികളിലായി സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 93 കുട്ടികൾ പങ്കെടുത്തു. ഏപ്രിൽ പതിനാലാം തീയതി രൂപതാ സെമിനാരിയിലേക്ക് തിരഞ്ഞെടുത്ത 21 കുട്ടികളുടെ ഇൻറർവ്യൂ അഭിവന്ദ്യ പിതാവുമായി നടന്നു.

ബഥാനിയായിൽ വച്ച് നടക്കുന്ന ഹൈസ്കൂൾ കുട്ടികളുടെ ധ്യാനത്തിൽ ഡയറക്ടറും ടീം അംഗങ്ങളും കുട്ടികളെ വ്യക്തിപരമായി കണ്ട് ദൈവവിളി പ്രോത്സാഹനം നൽകുകയും ആഭിമുഖ്യമുള്ളവരെ കണ്ടെത്തുകയും ചെയ്തു.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, സ്മാർട്ട്, വൊക്കേഷൻ ബ്യൂറോ

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## എയ്ഞ്ചൽസ് ധ്യാനം

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെയും സ്മാർട്ട് സംഘടനയുടെയും നേതൃത്വത്തിൽ ഈ വർഷം ആദ്യകുർബാന സ്വീകരിക്കാനായി ആത്മീയമായി ഒരുങ്ങുന്ന കുട്ടികൾക്കായി പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ഏപ്രിൽ 13, 14, 15 തീയതികളിൽ ധ്യാനശിബിരം സംഘടിപ്പിച്ചു. പ്രാർഥനയും ധ്യാനവും ആത്മീയ നിർദേശങ്ങളും നിറഞ്ഞ ഈ ദിവസങ്ങൾ കുട്ടികളുടെ വിശ്വാസജീവിതത്തെ കൂടുതൽ ദൃഢമാക്കുകയും, യേശുവിനെ അടുത്തറിയാൻ അവരെ സഹായിക്കുകയും ചെയ്തു. സന്തോഷത്തോടെയും ഭക്തിയോടെയും അവർ ഈ അനുഭവം ഹൃദയത്തിൽ സൂക്ഷിച്ച് ആദ്യ കുർബാന സ്വീകരണത്തിനായി ഒരുങ്ങി.

## മിസ്സിയോ മേഖലാ മീറ്റ്

2026 ഏപ്രിൽ 12ന് പെരിന്തൽമണ്ണ, മരിയാപുരം മേഖലകളിൽ സംയുക്തമായി മിസ്സിയോ മേഖല മീറ്റ് സംഘടിപ്പിച്ചു.

## മേഖല ക്യാമ്പുകൾ

ഏപ്രിൽ മാസത്തിൽ വിവിധ മേഖലകളിൽ ദ്വിദിന ക്യാമ്പുകൾ സംഘടിപ്പിച്ചു.

## ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2026-27 പ്രവർത്തന വർഷത്തേക്കുള്ള ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഏപ്രിൽ 7ന് ശാഖാതലത്തിലും തുടർന്ന് മേഖലാതലത്തിലും നടത്തി.

## ഗ്രാൻഡ് മാസ്റ്റേഴ്സ് ക്യാമ്പ്

2026 ഏപ്രിൽ 27,28,29 തീയതികളിലായി മേരിക്കുന്ന് പിഎംഒസിയിൽ

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്ക് വേണ്ടിയുള്ള ഗ്രാൻഡ് മാസ്റ്റേഴ്സ് ക്യാമ്പ് നടത്തപ്പെട്ടു. വിവിധ ഇടവകയിൽ നിന്നുള്ള കുഞ്ഞുമിഷണറി മാർ ക്യാമ്പിൽ സംബന്ധിച്ചു.

**ജപമാലയജ്ഞം**

രൂപതയുടെ റൂബി ജൂബിലി സമാപനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ഫെബ്രുവരി ഒന്നു മുതൽ ഏപ്രിൽ പതിനേഴുവരെ ജപമാല ചൊല്ലി പ്രാർഥിച്ചു.

**അറിയിപ്പുകൾ**

മാനേജിംഗ് കമ്മിറ്റിയും, വാർഷികവും, കൗൺസിലും, ഡയറക്ടേഴ്സ് & വൈസ് ഡയറക്ടേഴ്സ് സംഗമവും, മിസ്സിയോ ദൈവവിളി പ്രസംഗം മത്സരവും, പുതിയ ജൂനിയർ രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 05-05-2026 ചൊവ്വാഴ്ച താമരശ്ശേരി ബിഷപ്പസ് ഹൗസ് ഓഡിറ്റോറിയത്തിൽ 9.15 am to 1.30 pm വരെ നടത്തപ്പെടുന്നു.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## കെ.സി.വൈ.എം. – എസ്.എം.വൈ.എം.

**കുളത്തുവയൽ തീർഥാടനം**

മാർച്ച് 26 ന് താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുളത്തുവയൽ തീർഥാടനത്തിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കുചേർന്നു. താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നിന്ന് ആരംഭിച്ച് കുളത്തുവയൽ സെന്റ് ജോർജ് ഫൊറോന പള്ളിയിൽ സമാപിച്ച തീർഥാടനത്തിൽ യുവജനങ്ങളുടെ സജീവമായ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ദൂരത്തെ അവഗണിച്ച് തീർഥാടനത്തിൽ പങ്കെടുക്കുന്ന തീർഥാടകർക്ക് ആശ്വാസമേകാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങി. ദീർഘദൂര തീർഥാടനപാതയിൽ വിവിധയിടങ്ങളിലായി

യുവജനങ്ങൾ കുടിവെള്ളം വിതരണം ചെയ്തു. യാത്രയിലുടനീളം ട്രാഫിക് നിയന്ത്രിക്കുന്നതിനും തീർഥാടകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും യുവജനങ്ങൾ നേതൃത്വം നൽകി.

## എസ്.എം.വൈ.എം. പ്രഥമ സെനറ്റ് സമ്മേളനം

ഏപ്രിൽ 13,14,15 തീയതികളിലായി പാലാ പാസ്റ്ററൽ സെന്ററിൽ നടന്ന സംസ്ഥാന എസ്.എം.വൈ.എം. പ്രഥമ സെനറ്റ് സമ്മേളനത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും പ്രസിഡന്റ് ആൽബിൻ കാക്കനാട്ട് എസ്.എം.വൈ.എം. സ്റ്റേറ്റ് സെക്രട്ടറി ആഗി മരിയ ജോസഫ്, അഞ്ജലി, അലോണ ജോൺസൻ, ചെൽസിയ, റിച്ചാൾഡ്, ഡെൽവിൻ എന്നിവർ പങ്കെടുത്തു.

## LEAD 5.O. മേഖലാ നേതാക്കന്മാരുടെ പഠനശിബിരം

LEAD 5.O. 2026 ഏപ്രിൽ 18,19 തീയതികളിലായി താമരശ്ശേരി സാന്തോം മൈനർ സെമിനാരിയിൽ നടത്തപ്പെട്ടു. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നേതാക്കളുടെ കഴിവും ആത്മവിശ്വാസവും വർധിപ്പിക്കുന്നതിനും ഈ ക്യമ്പ് വേദയായി.

ഏപ്രിൽ 18 ന് വൈകിട്ട് 5 മണിക്ക് പതാക ഉയർത്തി ആരംഭിച്ച ക്യാമ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ, പ്രസിഡന്റ് ആൽബിൻ അധ്യക്ഷത വഹിച്ചു. ഫാ. സിബി കുഴിവേലിൽ ധ്യാന ചിന്തകൾ നൽകി. മൈനർ സെമിനാരി ആത്മീയ പിതാവ് ഫാ. ജോൺസൺ കൊച്ചീലാത്ത് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മലാപ്പറമ്പ് യൂണിറ്റ് അംഗവും മുൻ രൂപതാ സമിതി അംഗവുമായ അജിത്ത് ജിജോ ക്യാമ്പ് സെഷനുകളും കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ സമുദായ ശക്തീകരണത്തെക്കുറിച്ച് ക്ലാസ്സും നയിച്ചു. ആരാധനയും, വി. കുമ്പസാരവും വി. കുർബാനയും ക്രമീകരിച്ച അന്നേദിവസം രൂപതയിലെ 12 മേഖലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട എഴുപതോളം മേഖലാ നേതാക്കന്മാർ ഈ പരിശീലന പരിപാടിയിൽ സജീവമായി പങ്കെടുത്തു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെസിവൈഎം-എസ്എംവൈഎം

# ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

വലിയ നോമ്പിന്റെ അനുഗ്രഹീത ദിനങ്ങൾക്കുശേഷം ഉത്ഥിതനേകുന്ന പ്രത്യാശയുടെ അത്മീയവിരുന്ന് വിവിധ ശുശ്രൂഷകളിലൂടെ ബഥാനിയ അനേകർക്കേകുന്നു. ഏപ്രിൽ-മെയ് മാസങ്ങളിൽ വിദ്യാർഥികൾക്കുവേണ്ടി അഞ്ചു ധ്യാനങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ മാസത്തിൽ അൻപതുനോമ്പിന്റെ അവസാന ദിവസങ്ങളിൽ ബഥാനിയായിൽ അനേകം വ്യക്തികൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും കുമ്പസാരിക്കാനുമായി എത്തിച്ചേർന്നു. ഏപ്രിൽ മാസത്തെ ശുശ്രൂഷകളെല്ലാം ദൈവകൃപയുടെ നിറവായി.

## ധ്യാനങ്ങൾ

ബഥാനായിൽ എയ്ഞ്ചൽസ് ധ്യാനവും, 19 മുതൽ 22 വരെ ഹൈസ്കൂൾ കുട്ടികളുടെ ധ്യാനവും, 24 മുതൽ 27 വരെ ജീവിത വിശുദ്ധീകരണധ്യാനവും നടത്തപ്പെട്ടു. അനേകം കുട്ടികളും മുതിർന്നവരും ധ്യാനങ്ങളിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു. മെയ് മാസത്തിൽ കുട്ടികൾക്ക് വേണ്ടിയുള്ള മൂന്ന് ധ്യാനങ്ങളും ഒരു ജീവിത നവീകരണ ധ്യാനവും ക്രമീകരിച്ചിരിക്കുന്നു.

## ഏകദിന കൺവെൻഷൻ

ഏപ്രിൽ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. നിരവധി വ്യക്തികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം വ്യക്തികൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി.

അവധിക്കാലം ആരംഭിച്ചത് കൊണ്ട് അനേകം കുട്ടികളും ഏകദിന ശുശ്രൂഷകളിൽ പങ്കുചേർന്നു.

## വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വിശുദ്ധ കുർബാനകൾ ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. നിരവധി വ്യക്തികളാണ് നോമ്പിന്റെ സമാപന ദിവസങ്ങളിൽ ബഥാനിയായിൽ കുമ്പസാരിക്കാനായി കടന്നുവന്നത്.

## സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥപ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥപ്രാർഥന നടത്തിവരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

## മെയ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 01 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 04 തിങ്കൾ | : | +2 കുട്ടികളുടെ ധ്യാനം (4-7) |
| 08 വെള്ളി | : | ഏകദിന കൺവെൻഷൻ<br>+2 കുട്ടികളുടെ ധ്യാനം (8-11) |
| 15 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 17 ഞായർ | : | യു.പി. സ്കൂൾ കുട്ടികളുടെ ധ്യാനം (17-20) |
| 22 വെള്ളി | : | ഏകദിന കൺവെൻഷൻ,<br>ജീവിതവിശുദ്ധീകരണധ്യാനം (22-25) |
| 29 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 30 ശനി | : | താമരശ്ശേരി രൂപത മതാധ്യാപക സംഗമം |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# യൂദിത്ത് ഫോറം

## വാർഷിക സമ്മേളനം

യൂദിത്ത് ഫോറത്തിന്റെ വാർഷിക സമ്മേളനം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആരാധന പ്രൊവിൻഷ്യൽ ഹൗസിൽ ഉദ്ഘാടനം ചെയ്തു. സ്കൈ ചൈൽഡ് സംഘടനയുടെ സഹസ്ഥാപക ശ്രീമതി ശാന്തി ബിജു മുഖ്യാതിഥി യായ സമ്മേളനത്തിന് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറ മ്പിൽ അധ്യക്ഷനായിരുന്നു. കത്തീഡ്രൽ വികാരി ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ആനിമേറ്റർ സി. റെനി ജോസ് സിഎംസി, ആരാധന സന്യാസിനി സമൂഹം പ്രൊവിൻസ് സുപ്പീരിയർ സി. ആനീസ് എസ്എബിഎസ്, പ്രസിഡന്റ് മേരി പൗലോസ് വിലങ്ങുപാറ, ശാന്തി ബിജു, സി. മെൽവിൻ എസ്എബിഎസ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ സന്യാസിനി സമൂഹങ്ങളി ലെ കോർഡിനേറ്റർമാരായ സി. ജാൻസി മരിയ എഫ്സിസി, സി. റോസ് എസ്ഡി, സി. റാനിറ്റ എസ്എച്ച്, സി. ഗീത സിഎംസി, സി. സാലി സിഎംസി എന്നിവരും യൂണിറ്റ് ആനിമേറ്റർമാരും പരിപാടികൾക്ക് നേതൃത്വം നൽകി. കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് മരിയപുരം ശാഖയും ഏറ്റവും നല്ല ആനിമേറ്ററിനുള്ള അവാർഡ് സി. ഗീത സിഎംസിയും കരസ്ഥമാക്കി. പുഷ്പഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വില്ലടിച്ചാൻ പാട്ടും പശുക്കടവ്, തിരുവമ്പാടി, വാലില്ലാപുഴ, കൂരാച്ചുണ്ട് എന്നീ യൂണിറ്റിലെ വനിതകൾ സംഘഗാനവും നൃത്തവും അവതരിപ്പിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി നൂറ്റമ്പതോളം അമ്മമാർ സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

# കത്തോലിക്ക കോൺഗ്രസ്

## സംഗമവും ജനപ്രതിനിധികളെ ആദരിക്കലും: തോട്ടുമുക്കം

കത്തോലിക്കാ കോൺഗ്രസ് തോട്ടുമുക്കം ഫൊറോന സംഗമവും ജനപ്രതിനിധികളെ ആദരിക്കലും ഏപ്രിൽ 11 ശനിയാഴ്ച തോട്ടുമുക്കത്ത് നടന്നു. ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി നൂറോളം പ്രതിനിധികൾ പങ്കെടുത്ത സംഗമം ആവേശകരമായി. ഫൊറോന പ്രസിഡണ്ട് ശ്രീ. ജയിംസ് തൊട്ടിയിൽ അധ്യക്ഷത വഹിച്ച യോഗം കത്തോലിക്കാ കോൺഗ്രസ് രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ബെന്നി കാരക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. ഷാജി കണ്ടത്തിൽ, വൈസ് പ്രസിഡണ്ട് ശ്രീ. പ്രിൻസ് തിനംപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ത്രിതല പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഫൊറോന പരിധിയിലെ 12 ജനപ്രതിനിധികളെ ചടങ്ങിൽ ആദരിച്ചു: ശ്രീ. ഷിജോ ആന്റണി പാലാപുളിക്കൽ (അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ), ശ്രീ. ജോർജ്ജുകുട്ടി ഊന്നനാൽ (കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്), ശ്രീമതി ടെസി സണ്ണി ചേക്കാക്കുഴി (ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്), ശ്രീമതി സുജ ടോം (കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്), ശ്രീമതി മേരി തങ്കച്ചൻ, ശ്രീ. ജയിംസ് വേളാശേരി (കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് മെമ്പർമാർ), ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ (കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർ), ശ്രീമതി ദീപ്തി ബോസ്, ശ്രീ. ഷൈജു വെള്ളാപ്പുഴ (ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മെമ്പർ മാർ), ശ്രീ. ജോജൻ ഇരുപ്പുഴിക്കൽ (കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

മെമ്പർ), ശ്രീ. സജി തോമസ് (കാരശ്ശേരി ഗ്രാമപഞ്ചായത്ത് മെമ്പർ), ശ്രീ. അനീഷ് കുരീക്കാട്ടിൽ (ചാലിയാർ ഗ്രാമപഞ്ചായത്ത്മെമ്പർ). ഫൊറോന സെക്രട്ടറി ശ്രീ. ജോർജ് കൊച്ചുപുര സ്വാഗതവും ട്രഷറർ സിബി വെള്ളിയേപ്പള്ളി നന്ദിയും പറഞ്ഞു. ജനറൽ കൺവീനർ ശ്രീ. തോമസ് മുണ്ടപ്ലാക്കൽ, ദിവ്യ പാലക്കുടിയിൽ, ദിവ്യ ഷിബു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## തീർഥാടന യാത്ര: തിരുവമ്പാടി ഫൊറോന

കത്തോലിക്കാ കോൺഗ്രസ് തിരുവമ്പാടി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ മലയാറ്റൂർ, വിളക്കന്നൂർ എന്നിവിടങ്ങളിലേക്ക് തീർഥാടന യാത്ര നടത്തി. വലിയ നോമ്പുകാലത്തിന്റെ ഭാഗമായി നടന്ന മലയാറ്റൂർ തീർഥാടനത്തിൽ അമ്പതോളം അംഗങ്ങൾ പങ്കെടുത്തു. ഏപ്രിൽ 21 ന് വിളക്കന്നൂർ ദേവാലയം സന്ദർശിച്ച് അംഗങ്ങൾ പ്രാർഥന നടത്തി. തിരുവമ്പാടി ഇടവകയുടെ പ്രഥമ വികാരിയായിരുന്ന മൊന്ദനാരിയച്ചന്റെ ഏഴിമലയിലുള്ള ശവകുടീരം സന്ദർശിച്ച സംഘം അവിടെ പ്രത്യേക പ്രാർഥനകൾ അർപ്പിച്ചു. സമുദായംഗങ്ങൾക്കിടയിൽ ആത്മീയ ഉണർവും ഐക്യവും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് യാത്ര സംഘടിപ്പിച്ചത്. ഫൊറോന ഭാരവാഹികൾ യാത്രയ്ക്ക് നേതൃത്വം നൽകി.

## കുളത്തുവയൽ തീർഥാടനം: വോളണ്ടിയർ സേവനം

താമരശ്ശേരി കത്തീഡ്രലിൽ നിന്ന് ആരംഭിച്ച് കുളത്തുവയൽ സെന്റ് ജോർജ് തീർഥാടന കേന്ദ്രത്തിൽ സമാപിച്ച വാർഷിക പദയാത്രയിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ വോളണ്ടിയർ സേവനം ശ്രദ്ധേയമായി.

തീർഥാടന പാതയിലുടനീളം വിശ്വാസികൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും തിരക്ക് നിയന്ത്രിക്കുന്നതിനും കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ സജീവമായി രംഗത്തുണ്ടായിരുന്നു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രവർത്തകർ സേവനമനസ്കരായി പദയാത്രയുടെ സുഗമമായ നടത്തിപ്പിന് നേതൃത്വം നൽകി.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്

## ജീസസ് ഫ്രട്ടേണിറ്റി

പെസഹാതിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവ് തവനൂർ സെൻട്രൽ ജയിൽ സന്ദർശിച്ച് തടവുകാർക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. പ്രത്യാശയുള്ളവരായിരിക്കണമെന്നും വിശ്വാസത്തോടെ പ്രാർഥിക്കണമെന്നും സന്ദേശം നൽകിയ അഭിവന്ദ്യപിതാവ് പന്ത്രണ്ട് തടവുകാരുടെ പാദങ്ങൾ കഴുകി ചുംബിച്ച് പെസഹ വ്യാഴാഴ്ചയുടെ കർമ്മങ്ങൾ അനുഷ്ഠിച്ചു. ജയിൽ അധികൃതരുമായി സംസാരിക്കു കയും ഈസ്റ്റർ ആശംസകൾ അറിയിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. സൈമൺ കിഴക്കേകുന്നേൽ, സി. ഫിലോ SABS, സി. ഫോൻസി SABS, ജിയോ പീറ്റർ എന്നിവർ സന്നിഹിതരായിരുന്നു. വിശുദ്ധവാ രത്തിൽ വിവിധ ജയിലുകളിൽ ജയിൽ മിനിസ്ട്രി അംഗങ്ങൾ സന്ദർശി ക്കുകയും വി. കുർബാന ഒരുക്കുകയും മറ്റ് പ്രാർഥനാശുശ്രൂഷകൾ നടത്തുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി



## കരുണാഭവൻ

ഈസ്റ്റർ ആഘോഷങ്ങളുമായി വിവിധ ഇടവകകളും സംഘടനകളും കരുണാഭവൻ സന്ദർശിച്ചു. 2 പുതിയ അന്തേവാസികൾ കൂടി എത്തി ച്ചേർന്നു. രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളിൽ ഡയറക്ടർ അച്ചനോടും സിസ്റ്റർമാരോടുമൊപ്പം അന്തവാസികളും പങ്കുചേർന്നു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ



# കരിസ്മാറ്റിക് മൂവ്മെന്റ്

**റൂഹാഭിഷേകം 2K-26**

2026 മെയ് മാസത്തിൽ 101 ദിന ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ : 1/5, വെള്ളി :താമരശ്ശേരി; 2/5, ശനി : സിറ്റി; 3/5, ഞായർ : മധ്യസ്ഥ പ്രാർഥന മിനിസ്ട്രി; 4/5, തിങ്കൾ: തിരുവമ്പാടി; 5/5, ചൊവ്വ :മലപ്പുറം, തൊട്ടുമുക്കം; 6/5, ബുധൻ: മരുതോങ്കര, വിലങ്ങാട് ; 7/5, വ്യാഴം: ക്രിസ്റ്റീൻ; 8/5, വെള്ളി : കൂരാച്ചുണ്ട്, പെരിന്തൽമണ്ണ ; 9/5, ശനി : തൂവാനിസ ; 10/5, ഞായർ : yu4c; 11/5, തിങ്കൾ കപ്പിൾസ് മിനിസ്ട്രി ;12/5, ചൊവ്വ : കരുവാരക്കുണ്ട്, കോടഞ്ചേരി ;13/5, ബുധൻ : കരിശ്മ മിനിസ്ട്രി ; 14/5, വ്യാഴം: പാരിഷ് മിനിസ്ട്രി; 15/5, വെള്ളി : താമരശ്ശേരി ; 16/5, ശനി : സിറ്റി; 17/5, ഞായർ : മധ്യസ്ഥ പ്രാർഥന മിനിസ്ട്രി ; 18/5, തിങ്കൾ തിരുവമ്പാടി; 19/5, ചൊവ്വ : മലപ്പുറം, തൊട്ടുമുക്കം ; 20/5, ബുധൻ : മരുതോങ്കര, വിലങ്ങാട് ; 21/5, വ്യാഴം : ക്രിസ്റ്റീൻ മിനിസ്ട്രി ; 22/5, വെള്ളി : റൂഹാഭിഷേക ശുശ്രൂഷ-കുന്ദമംഗലം ദൈവാലയത്തിൽ.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# മാതൃവേദി

**Vita Mia (My Life)**

താമരശ്ശേരി രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ Vita Mia (my life) എന്ന പരിപാടി ഇടവകാതലത്തിൽ നടത്തപെടുന്നു. ഈ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 14 ന് ചൊവ്വാഴ്ച

നൂറാംതോട് ഇടവകയിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. അമ്മമാരുടെ സാന്നിധ്യം കൊണ്ടും സഹകരണംകൊണ്ടും ശ്രദ്ധനേടിയ പൊതുയോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. വർഗീസ് പനയ്ക്കൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഫാ. ജോർജ് മുണ്ടക്കൽ സ്വാഗതവും രൂപതാ ഭാരവാഹികളായ ആനിമേറ്റർ സി. വിമല SH, ജനറൽ സെക്രട്ടറി ജോവാൻ ബിനോയ്, താമരശ്ശേരി മേഖല പ്രസിഡന്റ് ബീന എന്നിവർ ആശംസയും മാതൃവേദി ഇടവക പ്രതിനിധി മഞ്ജു റെജി നന്ദിയും രേഖപ്പെടുത്തി. സി. വിനീത FCC പഠന ക്ലാസിന് നേതൃത്വം നൽകി. വിവിധ കലാപരിപാടികളും മാതൃവേദി ആന്തവും വേദിയിൽ അരങ്ങേറി.

## അഭിനന്ദനങ്ങൾ

സീറോ മലബാർ ഗ്ലോബൽ മാതൃവേദി സാമുദായിക വർഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സ്കിറ്റ് മത്സരത്തിൽ താമരശ്ശേരി രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി. 2026 ഏപ്രിൽ 22ന് തലശ്ശേരി സന്ദേശ ഭവനിൽ നടന്ന ഗ്ലോബൽ മാതൃവേദി മീറ്റിങ്ങിൽ അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയിൽനിന്നും രൂപത ഭാരവാഹികൾ പുരസ്കാരം ഏറ്റുവാങ്ങി. സമ്മാനർഹമായ സ്കിറ്റ് അവതരിപ്പിച്ച പാറോപ്പടി ഇടവക മാതൃവേദി അംഗങ്ങൾക്കും രൂപതാതല മത്സരത്തിൽ പങ്കെടുത്ത കത്തീഡ്രൽ ഇടവകയിലെ മാതൃവേദി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

## അറിയിപ്പുകൾ

### Vita Mia (My Life) സംഗമങ്ങൾ

| | | |
|---|---|---|
| മെയ് 03 | : | വിളക്കാംതോട് |
| മെയ് 10 | : | താമരശ്ശേരി, മഞ്ഞക്കടവ് |
| മെയ് 01, 16 | : | പനംപ്ലാവ് |
| മെയ് 24 | : | കുന്ദമംഗലം |

### Crescita ( Training Programme for Mothers)

മെയ് 30, 1-3 pm, MMPC, താമരശ്ശേരി: അന്നേദിനം, 2024-2025 വർഷത്തിൽ വിവിധ മേഖലകളിൽ പ്രതിഭകളായ വനിതകളെ ആദരിക്കുന്നു.

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, മാതൃവേദി

# കുടുംബകൂട്ടായ്മ

## മികച്ച പ്രവർത്തന റിപ്പോർട്ടുകൾ (ജൂൺ 2024-മെയ് 2025)

### A+ Grade

1. Jordan Ward - 5, Holy Family Church Kattippara
2. Eden Ward - 1, Holy Family Church Kattipara
3. St. Antony's unit, St. Joseph's Church Mankavu
4. St. Joseph's unit, St. Joseph's Church Mankavu
5. St. Sebastian unit, Sacred Heart Church Thiruvambady

### A Grade

1. St. George unit Mullankunnu -A, St. Mary's Church Maruthonkara
2. St. Antony's unit, St. Mary's Church, Maruthonkara

### B+Grade

1. St. Sebastian unit, St. Mary's Church Valillapuzha
2. St. Chavara Kuriakose unit, St. Sebastian Church Kakkayam

## വചനവയൽ മത്സരത്തിന്റെ വിജയികൾ

### Category - A

1. Yohan Biju, Valayathil Kodencherry
2. Anna Maria Sajan, Perumpallil Mailellampara
3. Johnly Alphonsa Bilsu, Changananikkal Kodencherry

### Category - B

1. Simi Maria KS, Kollannoor, Paroppady
2. Chris Merlin Antony, Kodencherry
3. Bibi Jijo, Pathuppallil, Poozhithodu

### Category - C

1. Dr. Lisa James, Paroppady

2. Thresiamma Scaria, Valliyanpoikayil, Theyyappara
3. Shiny Sebestion, Thamarakkat, Thiruvanbady

**മേഖല സംഗമം :**

ഏപ്രിൽ 29-പാറോപ്പടി, 5-8 pm, ഏപ്രിൽ 30-താമരശ്ശേരി, 5-8 pm

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, മാതൃവേദി, കുടുംബകൂട്ടായ്മ

## എയ്ഡർ എഡ്യൂകെയർ

1. ADMINEX 2026 പ്രോഗ്രാമിന്റെ ഒരുക്കങ്ങൾക്കായി പത്ത്, പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്കായി പ്രാഥമിക സെലക്ഷൻ പരീക്ഷ നടത്തുകയും 110 കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. രണ്ട് പരീക്ഷകളിലായി 70% അധികം മാർക്ക് നേടിയവരെ എയ്ഡർ ടീം അംഗങ്ങളായ സിസ്റ്റേഴ്സ് ഫോൺ മുഖേന കോൺടാക്ട് ചെയ്യുകയും സിവിൽ സർവീസ് അഡ്മിനിസ്ട്രേറ്റീവ് സർവീസ് സെക്ടറുകളിലേക്ക് താല്പര്യമുള്ളവരെ കണ്ടെത്തി ADMINEX പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
2. ADMINEX പ്രോഗ്രാമിനായി വോളണ്ടിയേഴ്സിന്റെ ടീമിനെ രൂപീകരിക്കുകയും ഏപ്രിൽ 19, 20 തീയതികളിലായി അവർക്ക് ഓൺലൈൻ പരിശീലനം നൽകുകയും ചെയ്തു.
3. ഏപ്രിൽ 23, 24 തീയതികളിൽ നടന്ന കർണാടക ഡിഗ്രി എൻട്രൻസ് പരീക്ഷയ്ക്ക് കുട്ടികൾക്കും മാതാപിതാക്കൾക്കും പോകാനുള്ള വാഹന-താമസ സംവിധാനങ്ങൾ ഒരുക്കി.
4. റൈസ് 2 ഐഎഎസ്-2025 ബാച്ചിൽ മെയിൻസ് പാസ്സായി ഇന്റർവ്യൂവിന് പങ്കെടുക്കുന്ന കുട്ടികൾക്കായി ഓൺലൈൻ ട്രെയിനിങ് ഏപ്രിൽ 26 ഞായറാഴ്ച വൈകിട്ട് നടന്നു. 25

കുട്ടികളാണ് മെയ് അഞ്ചിന് കോട്ടയത്ത് വച്ച് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുന്നത്.

**അറിയിപ്പുകൾ**

1. ഏപ്രിൽ 28 മുതൽ മെയ് ഒന്നാം തീയതി വരെ സിവിൽ സർവീസ് അഡ്മിനിസ്ട്രേറ്റീവ് സർവീസ് മേഖലകളിലേക്ക് താല്പര്യമുള്ള കുട്ടികളെ ഒന്നിച്ചു ചേർത്തുകൊണ്ട് കൈതപ്പൊയിൽ ലിസ കോളജിൽ വച്ച് ADMINEX-2026 പ്രോഗ്രാം നടത്തുന്നു. കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് ഐഎഎസ് പരിപാടി ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. കുട്ടികൾക്ക് 12 ഓളം സെഷൻസ്, ഐഎഎസ്, ഐപിഎസ് തലങ്ങളിൽ ഉന്നത വിജയം നേടിയ പ്രമുഖരായ വ്യക്തികളുടെ ടോക്കുകൾ, പാനൽ ഡിസ്കഷൻസ്, അനുഭവസാക്ഷ്യങ്ങൾ, നിരവധി ആക്ടിവിറ്റികൾ, മാതാപിതാക്കൾക്കായുള്ള സെക്ഷൻ തുടങ്ങിയ നിരവധി കാര്യങ്ങൾ ചേർത്തുകൊണ്ടാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. റേസ് 2 ഐഎഎസ് ടീമിന്റെ സഹകരണത്തോടുകൂടിയാണ് ഈ പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്.
2. റൈസ് ടു ഐഎഎസ് 2026 ബാച്ചിലേക്ക് കുട്ടികളെ ക്ഷണിച്ചു വരുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക. 9645776746
3. അഞ്ചുവർഷത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് ആയ പ്രൊജക്റ്റ് ജെംസിലേക്ക് ഏഴാം ക്ലാസിലേക്ക് ഈ വർഷം ജയിച്ച കുട്ടികളെ ക്ഷണിക്കുന്നു.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# സ്റ്റാർട്ട്

## അറൈസ് 2K26: വിദ്യാർഥികൾക്കൊരു വിജ്ഞാന-വിശ്വാസവിരുന്ന്

"Learning Today... Leading Tomorrow" എന്ന ആപ്തവാക്യവുമായി പ്രവർത്തിക്കുന്ന താമരശ്ശേരി രൂപതയിലെ സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിംഗ് (START) സംഘടിപ്പിച്ച അറൈസ് 2K26 ഏപ്രിൽ 12 മുതൽ 18 വരെയുള്ള തീയതികളിൽ ഭംഗിയായി സമാപിച്ചു. “Where talents take root, grow and shine” എന്ന ആശയത്തെ അടിസ്ഥാനമാക്കി നടന്ന ക്യാമ്പിൽ രൂപതയ്ക്ക് അകത്തുനിന്നും പുറത്തുനിന്നുമായി 4 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 120-ഓളം വിദ്യാർഥികൾ പങ്കെടുത്തു. ഏഴുനാൾ നീണ്ടുനിന്ന ക്യാമ്പ് കണ്ടെത്തലിന്റെയും പഠനത്തിന്റെയും സ്വയം വിലയിരുത്തലിന്റെയും ധന്യമായ അനുഭവമായി മാറി.

സമാപന സമ്മേളനത്തോടനുബന്ധിച്ചുള്ള Valedictory Function-ൽ രൂപതാധ്യക്ഷനും രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ ദൂരസ്ഥലങ്ങളിൽ നിന്ന് വന്ന വിദ്യാർഥികളെയും, START ക്യാമ്പിൽ മൂന്ന് തവണയിൽ കൂടുതൽ പങ്കെടുത്തവരെയും പിതാവ് പ്രത്യേകം ആദരിച്ചു.

സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിലിന്റെ നേതൃത്വത്തിൽ രൂപതാ വൈദിക വിദ്യാർഥികളും START-ലെ അധ്യാപകരും വിദ്യാർഥികളും ചേർന്ന് ക്യാമ്പ് അത്യന്തം ചിട്ടയോടെയും കൃത്യതയോടെയും നയിച്ചു. ക്യാമ്പ് ദിനങ്ങളിൽ ഫാ. ഡോ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. സിബി കുഴിവേലിൽ, ഫാ. ജ്യോതിസ് ചെറുശ്ശേരിൽ, ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ എന്നിവർ

ദിവ്യബലി അർപ്പിക്കുകയും വിദ്യാർഥികൾക്ക് സന്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രൊഫ. എബ്രഹാം പി.ടി, സി. ജിനു MSJ, സി. ഹെൽന SKD, സി. നിമിഷ SKD, മാത്യു ജെ. പറേൽ, കാഞ്ചന CA, മോളി ജോസഫ്, ബിന്ദു തോമസ്, നീതു അഗസ്റ്റിൻ, ഗീത ശശി തുടങ്ങിയവർ വിദ്യാർഥികൾക്കായി Proficient, Advanced തലങ്ങളിൽ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

പ്രതിഭകൾ വേരൂന്നി വളർന്ന് ശോഭിക്കുന്ന വേദിയായി അറൈസ് 2K26 മാറിയപ്പോൾ പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും, സഹകരിച്ച വൈദികർക്കും, സിസ്റ്റേഴ്സിനും, വൈദിക വിദ്യാർഥികൾക്കും, അധ്യാപകർക്കും, വോളന്റിയർമാർക്കും, മാതാപിതാക്കൾക്കും ഹൃദയപൂർവം നന്ദി.

## പുതിയ അധ്യയന വർഷത്തിലേക്കുള്ള പ്രവേശനം

### *റെസിഡൻഷ്യൽ പ്ലസ് ടു: സയൻസ് & കൊമേഴ്സ്*

ദേശീയ നിലവാരത്തിലുള്ള അക്കാദമിക മികവിനൊപ്പം സ്വഭാവ രൂപീകരണവും ആത്മീയ വളർച്ചയും ലക്ഷ്യമിട്ടുള്ള റെസിഡൻഷ്യൽ പ്രോഗ്രാമിലേക്ക് പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. IIT, IIM, NIT തുടങ്ങിയ പ്രമുഖ ദേശീയ സ്ഥാപനങ്ങളിലെ പ്രവേശന പരീക്ഷകൾക്ക് വിദ്യാർഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ. ഓരോ ബാച്ചിലും 30 വിദ്യാർഥികൾക്ക് മാത്രമാണ് പ്രവേശനം.

വിഷയങ്ങൾ: സയൻസ്: ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി/കമ്പ്യൂട്ടർ സയൻസ്

കൊമേഴ്സ്: അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ/മാത്തമാറ്റിക്സ്

### *ഏകവത്സര പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിംഗ് (PFT)*

പ്ലസ് ടു പൂർത്തിയാക്കിയ വിദ്യാർഥികളെ ലക്ഷ്യമിട്ടുള്ള ഒരു വർഷത്തെ സമഗ്ര പരിശീലന പരിപാടിയാണ് PFT. കരിയർ ദിശാബോധം, ആശയവിനിമയ ശേഷി, നേതൃത്വഗുണം, ഉന്നത വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനശില എന്നിവ ഈ കോഴ്സിലൂടെ ഉറപ്പുവരുത്തുന്നു. വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്കും

ദേശീയ പ്രവേശന പരീക്ഷകളിലേക്കും വിദ്യാർഥികളെ സജ്ജരാക്കുന്നതിനുള്ള അക്കാദമികവും വ്യക്തിത്വപരവുമായ പിന്തുണയാണ് PFT നൽകുന്നത്

### *AI & Python ട്രെയിനിംഗ്*

ഭാവിയിലെ തൊഴിൽ മേഖലകളായ Machine Learning, Data Science എന്നിവയുടെ അടിസ്ഥാനമായ Python Programming-ൽ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സ്.

സ്കൂൾ-കോളേജ് വിദ്യാർഥികൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്ന ഈ പ്രോഗ്രാമിന് എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കും.

### *മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്*

വിദ്യാർഥികളിലെ വ്യത്യസ്തങ്ങളായ ബുദ്ധിശക്തികളും അഭിരുചികളും ശാസ്ത്രീയമായി കണ്ടെത്തി, അവർക്ക് ഏറ്റവും അനുയോജ്യമായ പഠന-തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിനുള്ള ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് വിഭാഗം START-ൽ പ്രവർത്തിക്കുന്നു. ആറ് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്കായി Aptitude Tests ആവശ്യാനുസരണം നടത്തിക്കൊടുക്കുന്നു.

മുകളിൽ പറഞ്ഞ എല്ലാ കോഴ്സുകളിലേക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്: www.startindia.org/online.

കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. www.startindia.org, Contact: 04952357843, 9037107843, 9744458111, startcalicut22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

## കോഴ്സുകൾ

1. എം.എസ്സി.ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം.എസ്.സി.ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

## അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും പ്രവർത്തനസജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നു. സംസാരിക്കുന്നതിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.
2. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026-2028 ബാച്ച് (ഓഫ് ലൈൻ/ ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ 9447229495 ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ഇൻഫാം

## ക്യാമ്പയിൻ നടന്ന ഇടവകകൾ

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ ഏപ്രിൽ മാസത്തിൽ വേനപ്പാറ, പനംപ്ലാവ് ഇടവകകളിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ വിജയകരമായിനടന്നു. കർഷകരുടെയും യുവജനങ്ങളുടെയും സജീവപങ്കാളിത്തം മുഖേന ഈ മാസം സംഘടനയ്ക്ക് ശക്തമായ വളർച്ചാഘട്ടമായിമാറി.

## അംഗത്വം

ഈ ക്യാമ്പയിനിലൂടെ ഏകദേശം 1800 പുതിയ മെമ്പർമാർ ഇൻഫാം സംഘടനയിൽ അംഗത്വം നേടി. പുതിയ അംഗങ്ങളിൽ യുവ കർഷകർ, വനിതാ കാർഷിക പ്രവർത്തകർ, വിദ്യാർഥി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു.

## ജനറൽ ബോഡി മീറ്റിംഗ്

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ ജനറൽ ബോഡി യോഗം ഏപ്രിൽ മാസത്തിൽ സംഘടിപ്പിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ സംഘടനയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് മാർഗരേഖ രൂപീകരിക്കുകയും ചെയ്തു.

## ഓഫീസ് പുനഃക്രമീകരണം

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ ഓഫീസ് മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ പ്രവർത്തനം ആരംഭിച്ചു. ഇതോടെ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും കാര്യക്ഷമവുമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം

# വികസന വേദി

## ജെ.എൽ.ജി ക്യാമ്പ് സംഘടിപ്പിച്ചു

കാനറ ബാങ്കിന്റെ വിവിധ ശാഖകളുടെ നേതൃത്വത്തിൽ പുതിയ ജെ.എൽ.ജി (Joint Liability Group) വായ്പകളുടെ വിതരണം വിജയകരമായി പൂർത്തിയാക്കി. തിരുവമ്പാടി, കൂരാച്ചുണ്ട്, അടിവാരം എന്നീ കാനറാ ബാങ്ക് ശാഖകളുടെ നേതൃത്വത്തിൽ ആണ് വായ്പാ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചത്. ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പുല്ലൂരാംപാറ, കൂടരഞ്ഞി എന്നീ മേഖലകളിൽ ജെ.എൽ.ജി വായ്പകളുടെ വിതരണം നടന്നു.

പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ.സി, എന്നിവർ മലപ്പുറം കാനറ ബാങ്ക് റീജിണൽ ഓഫീസ് സന്ദർശിക്കുകയും ഫിനാൻസ് മാനേജരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഈ മേഖലയിൽ വരും ദിവസങ്ങളിൽ ബാങ്കുമായി സഹകരിച്ച് പ്രവർത്തിക്കാനും പുതിയ ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപീകരിച്ച് വായ്പകൾ വിതരണം ചെയ്യാനും ചർച്ചചെയ്തു. ഇത്തരം ക്യാമ്പുകളിലൂടെ ഗ്രൂപ്പ് അംഗങ്ങൾക്ക് തങ്ങളുടെ വായ്പകൾ കൃത്യസമയത്ത് പുതുക്കാനും, ഭാവി പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഉറപ്പാക്കാനും സാധിച്ചു.

## സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം

സിഒഡിയിലെയും അനുബന്ധ പ്രസ്ഥാനങ്ങളിലെയും സ്റ്റാഫുകൾക്കായി ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. സിഒഡി പ്രസിഡന്റ് മോൺ. അബ്രഹാം വയലിൽ പരിപാടി ഉദ്ഘാടനം ചെയ്തു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര പരിശീലന ക്ലാസ്

നയിക്കുകയും, സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ വിവിധ വിഷയങ്ങളിൽ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. എല്ലാ സ്റ്റാഫ് അംഗങ്ങളും പരിപാടിയിൽ സജീവമായി പങ്കെടുത്തു. തുടർന്ന് സ്റ്റാഫ് മീറ്റിംഗ് സംഘടിപ്പിച്ച്, വരുന്ന മാസത്തെ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു. പരിപാടി, സ്റ്റാഫ് അംഗങ്ങളുടെ കഴിവുകളും സംഘപരിവർത്തനവും മെച്ചപ്പെടുത്തുന്നതിൽ സഹായകരമായി.

## 'ഹെൽത്തി വുമൺ, ഹാപ്പി ഫാമിലീസ്'

സിഒഡിയും സ്റ്റാർ കെയർ ഹോസ്പിറ്റലും സംയുക്തമായി സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി 'ഹെൽത്തി വുമൺ, ഹാപ്പി ഫാമിലീസ്' എന്ന പരിപാടി സംഘടിപ്പിച്ചു. സ്ത്രീകളുടെ സമഗ്ര വികസനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനായി, സ്ത്രീകളുടെ ആരോഗ്യസംരക്ഷണം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ, വ്യക്തിഗതവും സാമൂഹികവുമായ ശുചിത്വം, സാമ്പത്തിക സുസ്ഥിതിയും സാമ്പത്തിക നിയന്ത്രണവും, കൂടാതെ മാനസികാരോഗ്യവും മാനസിക ക്ഷേമവും ഉൾപ്പെടുന്ന വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിച്ചു.

സ്റ്റാർ കെയർ ഹോസ്പിറ്റൽ ഗൈനക്കോളജി വിഭാഗം കോർഡിനേറ്റർ ശ്രീമതി ശിൽപ സെഷനുകൾക്ക് നേതൃത്വം നൽകി. സ്ത്രീകളുടെ ജീവിതഘട്ടങ്ങൾ, കുടുംബത്തിലും സമൂഹാരോഗ്യത്തിലും അവരുടെ പങ്ക് തുടങ്ങിയ വിഷയങ്ങളിൽ വിശദമായി സംസാരിച്ചു. ഇതോടൊപ്പം ലൈഫ് കെയർ സപ്പോർട്ട് ട്രെയിനിംഗ് സെഷനും സംഘടിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സ്റ്റാർ കെയർ പ്രിവിലേജ് കാർഡ് വിതരണം ചെയ്തു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെസി, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർത്ഥ് എസ് നാഥ്, ഏരിയ കോർഡിനേറ്റർമാർ, സ്റ്റാർ കെയർ ഹോസ്പിറ്റൽ പ്രതിനിധികളായി ബിജു ജോസഫ്, ജോസഫ് ജോർജ്, അലീറ്റ ടോമി എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

സിഒഡിയുടെ പ്രവർത്തന മേഖലകളായ വിലങ്ങാട്, മരുതോങ്കര

പെരുവണ്ണാമുഴി, കൂരാച്ചുണ്ട്, പുതുപ്പാടി, കോടഞ്ചേരി, വെറ്റിലപ്പാറ, ആനിക്കാംപൊയിൽ, മരിയാപുരം, പാലൂർകോട്ട എന്നീ പ്രദേശങ്ങളിലാണ് പരിപാടി സംഘടിപ്പിച്ചത്.

## കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി

വിലങ്ങാട് ഉരുൾപൊട്ടൽ ബാധിതരായ കുടുംബങ്ങൾക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി 5 വീടുകൂടി വെഞ്ചിരിപ്പ് കർമ്മം പൂർത്തിയാക്കി. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, വിലങ്ങാട് സെന്റ് ജോർജ് ഫൊറോനാ വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് സെന്റ് അൽഫോൻസാ ചർച്ച് വികാരി ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ ചേർന്ന് വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച് താക്കോൽ കൈമാറി.

കെസിബിസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ആകെ 70 വീടുകളാണ് ദുരന്തബാധിതരായ കുടുംബങ്ങൾക്കായി നിർമ്മിക്കുന്നത്. ഇതിൽ 66 വീടുകൾ ഇതിനകം പൂർത്തീകരിച്ച് കുടുംബങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഒഡി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ആദ്യഘട്ട സമാപന സമ്മേളനം മേയ് 14 ന് വിലങ്ങാട് നടക്കും.

## സിഒഡി നവീകരിച്ച ഓഫീസ് വെഞ്ചരിച്ചു

സിഒഡിയുടെ നവീകരിച്ച ഓഫീസ് താമരശ്ശേരി മാതാ ടവേഴ്സിൽ, വെഞ്ചിരിപ്പ് നടത്തി ഉദ്ഘാടനം ചെയ്തു. സാമൂഹ്യ പ്രവർത്തന രംഗത്ത് 36 വർഷത്തെ സേവന പാരമ്പര്യം കൈവരിച്ച സ്ഥാപനമായി വളർന്നിരിക്കുകയാണ് സിഒഡി. വിവിധ മേഖലകളിലായി അനവധി ആളുകൾക്ക് സിഒഡി, വിവിധ പദ്ധതികളിലൂടെ പിന്തുണ നൽകി വരുന്നു.

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നവീകരിച്ച ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. കാലാനുസൃതമായ

നവീകരണങ്ങളോടു കൂടിയ പുതിയ ഓഫീസ് സിഒഡിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുമെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ചടങ്ങിൽ സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രസിഡന്റ് മോൺ. അബ്രഹാം വയലിൽ, ഫാ. ജോർജ് മുണ്ടനാട്ട്, ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവർ പങ്കെടുത്തു.

സിഒഡിയുടെ അനുബന്ധ സ്ഥാപനങ്ങളായ താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TAFCOS), സേഫ് സൂപ്പർമാർക്കറ്റ്, ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആൻഡ് അഗ്രികൾച്ചറൽ എത്തിക്സ് (IFAE) എന്നിവയിലെ സ്റ്റാഫും ചടങ്ങിൽ പങ്കെടുത്തു.

## എസ്.എച്ച്.ജി ഓഡിറ്റ്

സിഒഡി എസ്.എച്ച്.ജി.കളുടെ വാർഷിക ഓഡിറ്റ് ഏരിയ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിജയകരമായി നടന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മുഴുവൻ വരവ്-ചിലവ് കണക്കുകൾ, സേവിംഗ്സ്, വായ്പ വിതരണം, തിരിച്ചടവ് തുടങ്ങിയവ പരിശോധിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ സിയുടെ നേതൃത്വത്തിൽ ക്യാഷ്ബുക്ക്, ലെഡ്ജർ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ഓഡിറ്റ് പ്രക്രിയ വഴി ഗ്രൂപ്പുകളുടെ സാമ്പത്തിക സുതാര്യതയും കാര്യക്ഷമതയും മെച്ചപ്പെട്ടു.

## ദേശീയ സുരക്ഷിത മാതൃത്വ ദിനാചരണം

ദേശീയ സുരക്ഷിത മാതൃത്വ ദിനത്തോടനുബന്ധിച്ച് പുതുപ്പാടി, വിലങ്ങാട് എംസിസികളുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു. ക്ലാസ് ഗർഭിണികളുടെയും മാതാക്കളുടെയും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം വർധിപ്പിക്കുന്നതായിരുന്നു. ആരോഗ്യ വകുപ്പ് പ്രതിനിധി ക്ലാസ് നയിക്കുകയും, ഗർഭകാലത്ത് വേണ്ട ആരോഗ്യപരിപാലനം, പോഷകാഹാരത്തിന്റെ പ്രാധാന്യം, സമയബന്ധിതമായ പരിശോധന

കൾ, സുരക്ഷിത പ്രസവം എന്നിവയെക്കുറിച്ച് വിശദമായി അവതരിപ്പിക്കുകയും ചെയ്തു. ക്ലാസ്സിലൂടെ മാതൃ-ശിശു ആരോഗ്യ നിലമെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ആരോഗ്യബോധം വളർത്തുന്നതിനും ഏറെ സഹായകരമായി.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### അഡ്മിഷൻ

കർണാടക നഴ്സിംഗ് സംബന്ധമായി പുതിയ കോളേജ് പ്രതിനിധികളുമായും മാനേജ്മെന്റുകളുമായി ചർച്ച നടത്തി. 2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

### കരിയർ

പ്ലസ്ടുവിന് ശേഷം എന്ത് എന്ന ചോദ്യത്തിനുത്തരമായി 'കരിയർ ആഫ്റ്റർ പ്ലസ് ടു' എന്ന പേരിൽ താമരശ്ശേരി രൂപതയുടെ ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി ക്ലാസ് സംഘടിപ്പിച്ചു. വിവിധ ദിവസങ്ങളിലായി നാല് ഏരിയകളിൽ വെച്ചാണ് പ്രോഗ്രാം നടത്തിയത് (തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, മരുതോങ്കര). 300 ഓളം വിദ്യാർഥികളും അവരുടെ മാതാപിതാക്കളും ഇതിൽ പങ്കാളികളായി.

### ഡിസിഎൽ സമ്മാനവിതരണം

ഡിസിഎൽ ഓൺലൈൻ ടാലന്റ് ഫെസ്റ്റിൽ വിജയികളായ വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തു. എൽ ഡി എസ് ട്രെയിനർ ശ്രീ. മാത്യു മേൽവെട്ടം നേതൃത്വം നൽകി.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 ഏപ്രിൽ മാസത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി.

മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി TAFCOS മൊബൈൽ അപ്ലിക്കേഷൻ ഇപ്പോൾ Android ഫോണുകൾക്ക് പുറമെ iPhone (iOS) ഉപയോക്താക്കൾക്കും ലഭ്യമായി. ഈ മൊബൈൽ അപ്ലിക്കേഷൻ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും, അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കാനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാകുന്നു.

വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ഏപ്രിൽ മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി വേനപ്പാറ, പനംപ്ലാവ് ഇടവകകളിൽ അംഗത്വ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, പുതിയ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർക്കുകയും ചെയ്തു.

ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിക്കുന്നു.

## Institute of Food and Agricultural Ethics (IFAE)

താമരശ്ശേരി രൂപതയുടെ സംരംഭമായി ധാർമികമൂല്യങ്ങളെ ആസ്പദമാക്കി പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനമായ IFAE 2026 ഏപ്രിൽ മാസത്തിലും വിവിധ പ്രവർത്തനങ്ങൾ സജീവമായി തുടരുകയുണ്ടായി. 9946646205

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനില ക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോമായ കിസാൻഭാരത് ഏപ്രിൽ മാസത്തിലും കൂടുതൽ കർഷകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു.

കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായ സേവനം. കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24 x 7 സൗജന്യ ഹെൽപ്പ് ലൈൻ സേവനം. ഏപ്രിൽ മാസത്തിലും സജീവമായി തുടരുകയും നിരവധി കർഷകർക്ക് പ്രയോജനകരമാവുകയും ചെയ്തു. ടോൾഫ്രീ: 1800 425 3777, www.kisanline.com, IFAE യുടെ കാർഷികവും ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

**യൂറോപ്പ് തീർഥാടനം 2026 ഏപ്രിൽ 27**

മാർപാപ്പയെ കാണാനുള്ള സുവർണാവസരം ഉൾപ്പെടു ത്തിയ യൂറോപ്പ് തീർഥാടനം 2026 ഏപ്രിൽ 27ന് പുറപ്പെട്ടത് വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്നു. പങ്കെടുക്കുന്നവർക്ക് ഏപ്രിൽ 10 ന് മീറ്റിംഗ് നടത്തപ്പെട്ടു.

**വിശുദ്ധനാട് തീർഥാടനം 2026 സെപ്റ്റംബർ-ഒക്ടോബർ**

യേശുക്രിസ്തു ജീവിച്ച നാടുകളിലൂടെയുള്ള ആത്മീയ തീർഥാടനം 2026 സെപ്റ്റംബറിലും ഒക്ടോബറിലും ക്രമീകരിച്ചിരിക്കുന്നു.

*മറ്റു യാത്രകൾ:* തീർഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര-ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഗോവ, ഡൽഹി, ആഗ്ര, അമൃത്സർ, ദുബായ്, സിംഗപ്പൂർ, മലേഷ്യ, വിയറ്റ്നാം യാത്രകൾ.

**സംഘാടന പ്രത്യേകതകൾ**

എല്ലാ യാത്രകളിലും വൈദികരുടെ ആത്മീയനേതൃത്വം • പരിചയ സമ്പന്നരായ ടൂർ മാനേജർമാർ • പ്രൊഫഷണൽ ഗൈഡുകൾ • യാത്രയ്ക്കു മുൻപ് പ്രത്യേക ഓറിയന്റേഷൻ • വാട്സ്ആപ്പ് ഗ്രൂപ്പി ലൂടെ തത്സമയ വിവരവിനിമയം • യാത്രയിലുടനീളം ആത്മീയ ശുശ്രൂഷകളും ആരാധനകളും.

**ബുക്കിംഗ് നടപടിക്രമം**

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക - PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്



# യേശുനിധി

2026 മാർച്ച് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chathangottunada | 15,000.00 |
| 2 | Chembukadave | 10,000.00 |
| 3 | Chembukadave | 15,000.00 |
| 4 | Kodanchery | 10,000.00 |
| 5 | Koorachundu | 15,000.00 |
| 6 | Kulathuvayal | 15,000.00 |
| 7 | Mailellampara | 8,000.00 |
| 8 | Pulloorampara | 15,000.00 |
| 9 | Puthuppady | 15,000.00 |

**Home**

| | | |
|---|---|---|
| 10 | Chakkittappara | 15,000.00 |
| 11 | Chippilithode | 10,000.00 |
| 12 | Karingad | 15,000.00 |
| 13 | Kodanchery | 10,000.00 |
| 14 | Mailellampara | 10,000.00 |
| 15 | Mailellampara | 10,000.00 |
| 16 | Perinthalmanna | 15,000.00 |
| 17 | Pushpagiri | 15,000.00 |

**Marriage**

| | | |
|---|---|---|
| 18 | East Hill | 20,000.00 |
| 19 | Pathirikode | 20,000.00 |

**Medical**

| | | |
|---|---|---|
| 20 | Chundathumpoil | 15,000.00 |
| 21 | Erude | 10,000.00 |
| 22 | Kariyathumpara | 15,000.00 |
| 23 | Kariyathumpara | 15,000.00 |
| 24 | Koorachundu | 15,000.00 |
| 25 | Manjakunnu | 20,000.00 |
| 26 | Manjumala | 10,000.00 |
| 27 | Manjumala | 10,000.00 |
| 28 | Manjuvayal | 15,000.00 |
| 29 | Manjuvayal | 15,000.00 |
| 30 | Mukkam | 10,000.00 |
| 31 | Perinthalmanna | 15,000.00 |
| 32 | Poothampara | 10,000.00 |
| 33 | Pushpagiri | 20,000.00 |
| 34 | Valliyadu | 8,000.00 |
| 35 | Vaniambalam | 20,000.00 |
| | **Total** | **4,81,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

**മാർച്ച്**

27 രാവിലെ, കുളത്തുവയൽ ഇടവക ദൈവാലയത്തിൽ, ഒമ്പതാമത് കുളത്തുവയൽ തീർഥാടനത്തിന്റെ സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

28 രാവിലെ, ഏഴുമുട്ടം താബോർ ധ്യാനകേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ധ്യാനകേന്ദ്ര കപ്പേളയിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

29 രാവിലെ, ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നേതൃത്വം നൽകി.

കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ, സി. ഫ്ളവർ സി.എം.സിയുടെ സഹോദരി പരേതയായ മറിയം കിഴക്കരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, കല്ലാനോട് ഇടവക ദൈവാലയത്തിൽ, സി. ആൻസിൻ ജോസ് എസ് എച്ചിന്റെ പിതാവ് പരേതനായ ജോസഫ് വെട്ടിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

30 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, വൈദികരുടേയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ വിശുദ്ധ മൂറോൻ തൈല വെഞ്ചിരിപ്പിന് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

31 രാവിലെ, ബഥനി സിസ്റ്റേഴ്സ് സുപ്പീരിയർ ജനറലിന്റെ പ്രതിനിധിയായ സി. മാരിയറ്റ്, ജനറൽ കൗൺസിലർ - സി. സന്തോഷ് മരിയ, പ്രൊവിൻഷ്യൽ കൗൺസിലർ - സി. അൽഫോൻസ എന്നിവരെ രൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

വൈകുന്നേരം, കണ്ണോത്ത് നവീകരിച്ച ദൈവാലയത്തിന്റെ

പുന:കൂദാശകർമ്മം നിർവഹിച്ച് വി. കുർബാന അർപ്പിച്ചു.

കെ. സി. ബി. സി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

**ഏപ്രിൽ**

1 ഉച്ചകഴിഞ്ഞ്, തവനൂർ സെൻട്രൽ ജയിലിൽ, ജയിൽവാസികൾക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും കാലുകഴുകൽ ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

2 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, പെസഹാ വ്യാഴ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ദേവഗിരി ഇടവക ദൈവാലയത്തിൽ, പെസഹാ വ്യാഴ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

3 രാവിലെ, അശോകപുരം ഇടവക ദൈവാലയത്തിൽ ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന്, പരിഹാരപ്രദക്ഷിണത്തിൽ പങ്കുചേർന്നു.

4 രാവിലെ, പുഷ്പഗിരി ഇടവക ദൈവാലയത്തിൽ ദുഃഖശനി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

പുഷ്പഗിരി വിൻസെന്റ് ഡി പോൾ കോൺഫ്രൻസ് പുതുതായി നിർമ്മിച്ച ഓഫീസ് വെഞ്ചിരിച്ചു.

5 പുലർകാലത്ത്, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പ് ഞായർ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാന അർപ്പിച്ചു.

6 രാവിലെ, 'മുക്കം ടയേഴ്സി'ന്റെ വാവാട് ആരംഭിച്ച പുതിയ ഷോ റൂം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, പരേതയായ ഷേർലി കൂഴാംപാലയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ദൈവാലയത്തിൽ ഒപ്പീസ് ചൊല്ലി പരേതയ്ക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, അമലാപുരി ഇടവക ദൈവാലയത്തിൽ ഒരു

കുടുംബത്തിലെ ആറാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

6 വൈകുന്നേരം, എരഞ്ഞിപ്പാലം നവജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന നോർത്ത് കേരള ബിഷപ് കോൺഫ്രൻസിൽ പങ്കെടുത്തു.

7 രാവിലെ, എരഞ്ഞിപ്പാലം നവജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന നോർത്ത് കേരള ബിഷപ് കോൺഫ്രൻസിലെ ചർച്ചകളിൽ പങ്കെടുത്തു.

വൈകുന്നേരം, പി എം ഒ സി കപ്പേളയിൽ, ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി വി. കുർബാന അർപ്പിച്ചു.

8 രാവിലെ, മെത്രാഭിഷേകത്തിന്റെ പതിനാറാമത് വാർഷികാഘോഷത്തോടനുബന്ധിച്ച് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ഇരൂട് പ്രീസ്റ്റ് ഹോമിൽ, നവതിയാഘോഷിക്കുന്ന ബഹു. കുര്യാക്കോസ് ചേമ്പ്ളാനി അച്ചനെയും ബഹു. ജോസഫ് അരഞ്ഞാണിയോലിക്കൽ അച്ചനെയും പൊന്നാടയണിയിച്ച് ആദരിച്ചു.

9 രാവിലെ, കോരങ്ങാട് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ, കേരള നിയമസഭ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പോളിംഗ് ബൂത്ത് 32 ൽ സമ്മതിദായകാവകാശം വിനിയോഗിച്ചു.

10 രാവിലെ, പി. എം. ഒ. സിയിൽ പ്രീകാന കോഴ്സിൽ സംബന്ധിക്കുന്നവർക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

റീജൻസി പൂർത്തിയാക്കിയ വൈദികവിദ്യാർഥികളുമായി രൂപതാകേന്ദ്രത്തിൽ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, മലപ്പുറം ഫൊറോന ദൈവാലയത്തിൽ, ബഹു. ആന്റണി ചെന്നിക്കര അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷ പൊതുസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

11 രാവിലെ, ദീപ്തിഗിരി സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ (മാനന്തവാടി) ഏതാനും കുട്ടികളുടെ ആഘോഷപൂർവകമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിച്ചു വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ചേവായൂർ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശിർവദിച്ചു.

കോടഞ്ചേരി ഫൊറോന ദൈവാലയത്തിൽ, ഒരു വർഷം മുഴുവൻ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കോടഞ്ചേരി ഇടവകയിലെ യൂക്കരിസ്റ്റിക് ആർമി അംഗങ്ങളായ കുട്ടികൾക്കും നോമ്പുകാലത്ത് 50 ദിവസവും മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

കോടഞ്ചേരി പാരിഷ് ഹാളിൽ, ഈ വർഷം പ്ലസ് ടു മതബോധനം പൂർത്തിയാക്കിയ കോടഞ്ചേരി ഫൊറോനയിലെ കുട്ടികളുടെ കോൺവെക്കേഷൻ പരിപാടി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

12 ദൈവകരുണയുടെ തിരുനാളിനോടനുബന്ധിച്ച്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ ദൈവകരുണയുടെ പ്രേഷിതരുടെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ സംബന്ധിച്ചവർക്കുവേണ്ടി കെ. സി. ബി. സി. പ്രസിഡണ്ട് മോസ്റ്റ് റവ. വർഗീസ് ചക്കാലക്കൽ മുഖ്യകാർമ്മികത്വം വഹിച്ച വി. കുർബാനയിൽ വചനസന്ദേശം നൽകി.

13 രാവിലെ, താമരശ്ശേരി രൂപത റൂബി ജൂബിലിയുടെ ഭാഗമായി കോടഞ്ചേരിയിൽ നിന്നും തിരുവമ്പാടിയിലേക്ക് നടത്തിയ മാരത്തോൺ കോടഞ്ചേരി ദൈവാലയ പ്രവേശന കവാടത്തിൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന്, വിജയികളായവർക്ക് തിരുവമ്പാടി പാരിഷ് ഹാളിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ആരാധന സന്യാസിനി സമൂഹത്തിന്റെ താമരശ്ശേരി പ്രവശ്യാ

ഭവന കപ്പേളയിൽ, ഒരു അർത്ഥിനിക്ക് സന്യാസ തിരുവസ്ത്രം നൽകി വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, CSsR പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. പോളി കണ്ണമ്പുഴ CSsR നെ രൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

എസ്. കെ. ഡി. മദർ ജനറൽ ബഹു. സി. ടീന കുന്നേൽ എസ്. കെ. ഡി. യെ രൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ, ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് ധ്യാനത്തിന്റെ ഭാഗമായി സെന്റ് മേരീസ് കപ്പേളയിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

14 രാവിലെ, രൂപതാ കേന്ദ്രത്തിൽ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിലേക്ക് പുതുതായി പ്രവേശിക്കുന്ന കുട്ടികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, നൂറാംതോട് ഇടവക ദൈവാലയത്തിൽ, സീറോ മലബാർ മാതൃവേദി - താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന 'വീത്താ മിയ' എന്ന പരിപാടിയുടെ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു.

15 രാവിലെ, വിലങ്ങാട് സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ, ഡീ. ജെറിൻ ചൂരപൊയ്കയിൽ CFIC ക്ക് പൗരോഹിത്യതിരുപ്പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി മാതാ ടവറിൽ, നവീകരിച്ച സി ഒ ഡി ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

വൈകുന്നേരം, മുക്കം സെന്റ് ജോസഫ് ആശുപത്രിയിൽ, രോഗാവസ്ഥയിലായിരുന്ന ബഹു. മാത്യു മറ്റക്കോട്ടിൽ അച്ചനെ സന്ദർശിച്ച് രോഗിലേപനം നൽകി.

തോട്ടപ്പള്ളിയിൽ, ബഹു. സജി വളവിലച്ചന്റെയും പ്രദേശവാസികളുടെയും നേതൃത്വത്തിൽ പണം സമാഹരിച്ച് പൂർത്തിയാക്കിയ തോട്ടപ്പള്ളി-ചെമ്പോത്തി- മേലെ തോട്ടപ്പള്ളി റോഡ് ഉദ്ഘാടനം ചെയ്തു.

16 രാവിലെ, കോരങ്ങാട് എസ് എം എം ഐ സന്യാസിനി സമൂഹ ഭവന കപ്പേളയിൽ, അർത്ഥിനികളെ പോസ്റ്റുലൻസി യിലേക്ക് പ്രവേശിപ്പിച്ച് വി. കുർബാന അർപ്പിച്ചു.

ആരാധനാ സമൂഹ താമരശ്ശേരി പ്രവിശ്യാഭവനിൽ, യൂദിത്ത് ഫോറത്തിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, മലാപ്പറമ്പ് ക്രൈസ്റ്റ് ഹോളിൽ, പരേതനായ ഫാ. ജോസ് കാടൻകാവിൽ SJ യുടെ ഭൗതികദേഹം സന്ദർശി ക്കുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

കോട്ടുളി സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ (START) വലിഡിറ്ററി ഫംഗ്ഷൻ തിരിതെളി ച്ച് ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന്, പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

പാലൂർകോട്ട ഇടവക ദൈവാലയത്തിൽ, ബഹു. ആന്റണി ചെന്നിക്കര അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി.

17 ഉച്ചയ്ക്ക്, താലോർ ജെറുസലേം നവീകരണ കേന്ദ്രത്തിൽ, ഫിയാത്ത് മിഷൻ മെഗാ മിഷൻ ദിനത്തിന്റെ ഭാഗമായി ധ്യാനകേന്ദ്ര ഹാളിൽ വി. കുർബാനക്ക് മുഖ്യകാർമികത്വം വഹിച്ചു.

വൈകുന്നേരം, സീറോ മലബാർ സഭയുടെ തലവൻ മാർ റാഫേൽ തട്ടിൽ രൂപതാകേന്ദ്രം സന്ദർശിക്കുകയും തുടർന്ന്, രൂപതാകേന്ദ്രത്തിൽ രാത്രി ചിലവഴിക്കുകയും ചെയ്തു.

18 രാവിലെ, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്ര ഓഡിറ്റോറിയത്തിൽ, താമരശ്ശേരി രൂപത റൂബി ജൂബിലി സമാ പനസമ്മേളനത്തിൽ, മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ച കൃതജ്ഞതാബലിയിൽ മാർ ജോസഫ് പാംപ്ലാനി, മോസ്റ്റ് റവ. വർഗീസ് ചക്കാലക്കൽ, മാർ ജോസ് പൊരുന്നേടം, റൈറ്റ് റവ. ജോസഫ് മാർ തോമസ്, റൈറ്റ് റവ. അലക്സ്

വടക്കുംതല, മാർ തോമസ് ഇലവനാൽ, മാർ അലക്സ് താരാമംഗലം, റൈറ്റ് റവ. ഡെന്നീസ് കുറുപ്പശ്ശേരി എന്നിവരോടൊപ്പം സഹകാർമികത്വം വഹിച്ചു. തുടർന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്ത റൂബി ജൂബിലി സമാപനസമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും ചെയ്തു.

വൈകുന്നേരം, ചേവായൂർ ഇടവക ദൈവാലയത്തിൽ, ഒരു കുട്ടിക്ക് ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണം നടത്തി.

19 വൈകുന്നേരം, കല്ലുരുട്ടി ഇടവക ദൈവാലയത്തിൽ, ഇടവക സ്ഥാപന സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിക്കുകയും ജൂബിലി ഭവന തറക്കല്ല് ആശിർവദിക്കുകയും ചെയ്തു. തുടർന്ന്, പള്ളി മൈതാനത്ത് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ആൽഫ ചാരിറ്റബിൾ ട്രസ്റ്റ് ഉദ്ഘാടനം, ആംബുലൻസ് സമർപ്പണം എന്നീ കർമ്മപദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ശ്രീ. ഷാജി നെല്ലിക്കുന്നേൽ രചിച്ച 'ഐഡന്റിറ്റി ക്രൈസിസ്' എന്ന പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു.

20 രാവിലെ, കൂരാച്ചുണ്ട് ഫൊറോന ദൈവാലയത്തിൽ, ഏതാനും കുട്ടികളുടെ ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

20-25 കുളത്തുവയൽ നിർമ്മലാ റിട്രീറ്റ് സെന്ററിൽ, എംഎസ്എംഐ സന്യാസിനി സമൂഹ അംഗങ്ങൾക്കായി ധ്യാനം നയിച്ചു.

25 രാവിലെ, കുളത്തുവയൽ നിർമ്മല ധ്യാനകേന്ദ്ര ഹാളിൽ, ധ്യാനകേന്ദ്ര സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ആരംഭം തിരിതെളിച്ച് ഉദ്ഘോടനം ചെയ്തു സന്ദേശം നൽകി. തുടർന്ന്, വി. കുർബാന അർപ്പിച്ചു.

26 കൂരോട്ടുപാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

*********

## കോഴിക്കോട് CMI സെന്റ് തോമസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങൾക്ക്
## അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...



Very Rev. Fr. Biju John Vellakada CMI - Provincial,
Fr. Babu Marottikkathadam CMI - Vicar Provincial & Councillor for Evangelization & Pastrol Ministry,
Fr. Sanish Chuzhanayil CMI - Councillor for Education & Communication Media, Fr. Joseprakash Chelackal CMI - Councillor for Social Apostolate & Healthcare, Fr. Siby Pulickal CMI - Councillor for Finance & Agriculture, Fr. Binesh Kizhakkepurackal CMI - Auditor


## താമരശ്ശേരി രൂപതയിൽ നിന്നും നവാഭിഷിക്തരായവർക്ക്
## അഭിനന്ദനങ്ങളും പ്രാർത്ഥനകളും...



ഫാ. [illegible] ജോസഫ്
പെരുമാലിൽ
[illegible]
(13.04.2026 - [illegible])



ഫാ. ജോർജ്
ചുളപ്പൊയ്കയിൽ CFIC
(15.04.2026 - [illegible])



ഫാ. അബ്രഹാം
ചേനാപാറയിൽ CSsR
([illegible].04.2026 - [illegible])

## നവ സന്യാസിനിക്ക്
## താമരശ്ശേരി രൂപതയുടെ

അഭിനന്ദനങ്ങൾ ....
പ്രാർത്ഥനകൾ....


സി. ഷെറിൻ പെരുമ്പ്രായിൽ SABS



**THAMARAMOTTUKAL**

Registered with Register of Newspapers of India

RN No. [illegible] - Date of Publication [illegible].2026




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No1, Thamarassery P.O., Kozhikode - 673573. Printed at Alphonsa Offset Press, Near Cathedral Thamarassery, published at Thamarassery.